RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 • ലക്കം 2 • ഒക്ടോബർ 2025 • വില: 18 രൂപ

# വെണ്മ

*മലയാളം മാസിക*

| പുതിയ കാഴ്ചകൾ |

എല്ലാ
വായനക്കാർക്കും
ഹൃദ്യമായ
ദീപാവലി
ആശംസകൾ



## ആദരണീയർ
### പ്രത്യേക പതിപ്പ്




Available at Ramraj Showrooms And All Leading Textile Shops


RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം
ഏത് സന്ദർഭത്തിലും ആദർശം കൈവിടാതെ ജീവിച്ച് എല്ലാവർക്കും
ഉദാഹരണമായിരിക്കുന്ന ബഹുമാന്യരായ മനുഷ്യരെ പിന്തുടർന്ന്
ജീവിതത്തിൽ മേന്മ കൈവരിക്കാൻ വഴികാട്ടിയാകുന്ന
ആദരണീയർ
പ്രത്യേക പതിപ്പ്
എന്ന മാസിക താങ്കൾക്ക്
നൽകുന്നതിൽ അഭിമാനമുണ്ട്.

# സന്തോഷം പ്രസരിപ്പിക്കുന്ന മാന്ത്രിക ശക്തി

**പ്രിയരേ,**

നമ്മുടെ സന്തോഷം മറ്റുള്ളവരുടെ തീരുമാനത്തിനു വിട്ടുകൊടുക്കാതെ, ഏതു സാഹചര്യത്തിലും മനനിർവൃതിയോടെ നമുക്ക് മാതൃകയായി നിലകൊള്ളുന്നവരാണ് ആദരണീയ വ്യക്തികൾ. ഇരുളും പ്രകാശവും നിറഞ്ഞ ഈ ജീവിതത്തിൽ ഏതു സാഹചര്യത്തിലും 'യാതൊരു നഷ്ടബോധവും ഇല്ലാതെ' നല്ല ജീവിതം നയിക്കും.

ചരിത്രത്തിലും സാഹിത്യത്തിലും മാത്രമല്ല, നമ്മുടെ ദൈനംദിന ജീവിതത്തിലും ഇങ്ങനെയുള്ള ആദരണീയ വ്യക്തികളെ നമുക്ക് കാണാം. ഓട്ടോറിക്ഷ ഓടിക്കുന്ന ഈ വൃദ്ധന്റെ കഥ അതിന് മികച്ച ഉദാഹരണമാണ്.

രാത്രി പതിനൊന്നു മണിക്കു ശേഷം ഒരാൾ ഓട്ടോ കാത്തു നിൽക്കുകയാണ്. പലരും പതിന്മടങ്ങ് തുക ചോദിക്കുന്ന സാഹചര്യത്തിൽ ന്യായമായ യാത്രക്കൂലി വാങ്ങുന്ന ഒരാളെ അയാൾ കാത്തിരിക്കുകയാണ്. രാത്രി ഏറെ കഴിയുന്തോറും ഓരോരുത്തരും ചോദിക്കുന്ന കൂലി കൂടിക്കൂടി വരാൻ തുടങ്ങി. അടുത്തു ഓട്ടോയിൽ ചോദിക്കുന്ന കാശ് കൊടുത്തു പോകാം എന്ന് കരുതുമ്പോൾ എഴുപതു വയസ്സ് കഴിഞ്ഞ ഒരു വൃദ്ധൻ അങ്ങോട്ട് ഒരു ഓട്ടോ ഓടിച്ചു വന്നു.

പോകേണ്ട സ്ഥലം പറഞ്ഞപ്പോൾ, 'മീറ്റർ തുക നൽകിയാൽ മതി, രാത്രിആയതിനാൽ പാതി ചാർജ് അധികമായി തരണം' എന്നയാൾ വിനയത്തോടെ പറഞ്ഞു. തന്റെ മുത്തച്ഛന്റെ പ്രായമുള്ള ഒരാൾ രാത്രി ഓട്ടോ ഓടിക്കുന്നതും ന്യായമായ കൂലി മാത്രം ചോദിക്കുന്നതും അയാൾക്ക് അതിശയകരമായി തോന്നി. അയാൾ ഓട്ടോക്കാരനോട് സംസാരിച്ചു തുടങ്ങി.

ആ സംസാരത്തിലാണ് ആ മനുഷ്യൻ എത്ര ആദരണീയനായ വ്യക്തിയാണെന്ന് അയാൾക്ക് മനസ്സിലായത്. 'ഈ പ്രായത്തിൽ എന്തിനാണ് ഈ രാത്രിയിൽ ജോലി ചെയ്യുന്നത്? പലരും കൂടുതൽ ചോദിക്കുമ്പോൾ നിങ്ങൾ മാത്രം എന്താണ് ഇങ്ങനെ?' യാത്രക്കാരൻ ചോദിച്ചു.

'46 വർഷമായി ഞാൻ ഓട്ടോ ഓടിക്കുകയാണ്. വിവാഹിതനായി 18 വർഷങ്ങൾക്കു ശേഷം ഒരു വരം പോലെ ഒരു മകൻ ജനിച്ചു. ഓട്ടോ ഓടിച്ച് കഷ്ടപ്പെട്ടാണ് അവനെ ഞാൻ പഠിപ്പിച്ചത്. അവനും നന്നായി പഠിച്ച് നല്ല ജോലി വാങ്ങി. അവന് ഇഷ്ടപ്പെട്ട പെൺകുട്ടിയെ വിവാഹം ചെയ്തു കൊടുത്തു. എനിക്കും ഭാര്യക്കും മകനും മരുമകളും പേരക്കിടാങ്ങളുമായി കഴിയണമെന്ന് വലിയ ആഗ്രഹമുണ്ട്.

എന്നാൽ മരുമകൾക്ക് ഞങ്ങളോടൊപ്പം കഴിയാൻ ആഗ്രഹമില്ല. അമ്മയെയും ഭാര്യയേയും യോജിപ്പിച്ചു കൊണ്ടു പോകാൻ മകൻ ബുദ്ധിമുട്ടുന്നത് കണ്ടു നിൽക്കാനായില്ല.ഏറെ കാത്തിരുന്നു ജനിച്ച, ആശയോടെ വളർത്തി കൊണ്ടു വന്ന മകൻ നല്ല നിലയിൽ കഴിയുന്നത് നമ്മൾ മൂലമാകാം. എന്നാൽ നാം മൂലം അവർ കഷ്ടപ്പെടുന്നത് ശരിയല്ലല്ലോ. കഷ്ടപ്പെട്ട് വളർത്തിയ അഅച്ഛനമ്മമാരെ വയസ്സായപ്പോൾ തനിയെ വിടാൻ മകന് താൽപര്യമില്ല. എങ്കിലും ഞങ്ങൾ തനിയെ പോയി കഴിയാൻ അവസാനം അവൻ സമ്മതിച്ചു.


കുറച്ചു കാലം കഴിഞ്ഞപ്പോൾ ഭാര്യക്ക് ശാരീരികമായ അസ്വാസ്ഥതകൾ ഉണ്ടായി. ഞാൻ വീണപ്പോൾ എന്നെ താങ്ങിയ കൈയും കാലും ഇപ്പോൾ വീണുപോയി. ഇനി അവരെ കാക്കേണ്ടത് എന്റെ കടമയാണ്. അതിനാണല്ലോ ദൈവം എനിക്ക് ആരോഗ്യം തന്നിരിക്കുന്നത്. അതിനാൽ പകൽ മുഴുവനും ഞാൻ ഭാര്യയെ നോക്കും. രാത്രി മരുന്ന് കഴിച്ച് അവൾ ഉറങ്ങുമ്പോൾ ഞാൻ ഓട്ടോ ഓടിക്കാൻ ഇറങ്ങും. ഞാൻ അധ്വാനിച്ച്



ഉണ്ടാക്കിയ വണ്ടിയാണിത് . ഇത് നമ്മുടെ കൈയിൽ ഇരിക്കുമ്പോൾ അതിന്റെ ഗുണം കിട്ടും. വലിയ ആർഭാടമൊന്നുമില്ലെങ്കിലും കഴിഞ്ഞു പോകാനുള്ള വക ഇത് തരും.

ദിവസം 600 രൂപ കിട്ടിയാൽ അതോടെ പണി നിർത്തി വീട്ടിൽ പോകും. ഞങ്ങൾ രണ്ടു പേർക്ക് ദിവസം അത് ധാരാളമാണ്. ചില ദിവസങ്ങളിൽ 300 രൂപയോ 400 രൂപയോ മാത്രമാകും ലഭിക്കുന്നത്. രാവിലെ അവൾ എഴുന്നേറ്റു മരുന്ന് കഴിക്കുന്ന സമയം വരെ വണ്ടി ഓടിക്കും. 'ഈശ്വരൻ ഇന്ന് ഇതാണ് വിധിച്ചിട്ടുള്ളത്. നാളെ നാളെയുടെ കാര്യം നോക്കാം എന്ന് കരുതി കിട്ടിയ പണവുമായി വീട്ടിൽ പോകും' എന്ന് ആ മനുഷ്യൻ ചിരിച്ചു കൊണ്ടു പറഞ്ഞു. ജീവിതത്തിലെ കടുത്ത പ്രതിസന്ധി ഘട്ടത്തിലും ചിരിക്കുന്ന ആ മനുഷ്യനെ നോക്കി യാത്രികൻ അന്തിച്ചു നിന്നു.

ചരിത്രത്തിൽ ഇടം പിടിക്കാത്ത കാര്യങ്ങൾ ആണ് ഇവ. എന്നാലും ഏതു പ്രതിസന്ധിയെയും ഒരു പ്രശ്നമായി കാണാതെ അതൊരു അവസരമായി കണ്ടു പ്രവർത്തിക്കുന്ന ആ മനസ്സും മറ്റാരെയും ആശ്രയിക്കാതെ അധ്വാനിച്ചു ജീവിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ അഭിമാനവും ഏറെ ശ്രദ്ധേയമായ കാര്യമാണ്. മാസം പതിനായിരം പോലും സമ്പാദിക്കാത്ത ഒരു തൂപ്പുകാരി വഴിയിൽ കിടന്നു കിട്ടിയ ലക്ഷക്കണക്കിന് രൂപ പോലീസിൽ ഏൽപ്പിക്കുന്നു. വണ്ടിയിൽ മറന്നു വച്ച ആഭരണങ്ങൾ ഡ്രൈവർ തിരികെ ഏൽപ്പിക്കുന്നു. ഇങ്ങനെയുള്ള സംഭവങ്ങൾ കാണുമ്പോൾ നമുക്ക് അവരെ വണങ്ങാൻ തോന്നിപ്പോകും. മനുഷ്യകുലത്തിൽ നമ്മുടെ വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ അയച്ച ദൂതന്മാരെപ്പോലെയാണ് അവർ. സാമ്പത്തികമായി ബുദ്ധിമുട്ട് ഉണ്ടെങ്കിലും രാത്രിയാത്രയിൽ ന്യായമായ യാത്രക്കൂലി മാത്രം വാങ്ങുന്ന ആ ഓട്ടോക്കാരന്റെ അഭിമാനമാണ് അയാളുടെ സന്തോഷത്തിനും മനസംതൃപ്തിക്കും കാരണം.



The Culturepreneur

ഇരുളിനെ ഭേദിച്ച് വെളിച്ചം ചൊരിയുന്ന ഇത്തരം വ്യക്തികൾ നമ്മുടെ ഹൃദയങ്ങളിൽ ആത്മവിശ്വാസം നൽകും. ദീപാവലി കാലമാണിത്. ഞങ്ങളുടെ ബഹുമാന്യരായ ഉപഭോക്താക്കൾ, ഞങ്ങളെ പിന്തുണയ്ക്കുന്ന സ്നേഹസമ്പന്നരായ നെയ്ത്തുകാർ, വിശിഷ്ടരായ വിൽപനക്കാർ, ഞങ്ങളോടൊപ്പം ജോലി ചെയ്യുന്ന നല്ലവരായ ഓഫീസ് ജീവനക്കാർ, സ്നേഹസമ്പന്നരായ തൊഴിലാളികൾ, വെണ്മയുടെ വായനക്കാർ തുടങ്ങി എല്ലാവർക്കും ഹൃദ്യമായ ദീപാവലി ആശംസകൾ. നമ്മുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെ ദീപം തെളിയട്ടെ. കുടുംബങ്ങളിൽ സന്തോഷം വിടരട്ടെ

ഗുരു കൃപ
സമസ്ത ഐശ്വര്യങ്ങളും
ആശംസിച്ചു കൊണ്ട്
**കെ ആർ നാഗരാജൻ**
സ്ഥാപകൻ

# മേന്മയുള്ള മനുഷ്യരായി മാറണം

'ഹൃദയം തുറന്നു കാട്ടട്ടെ' എന്നെല്ലാം ചിലർ ചോദിക്കും 'എന്റെ ഹൃദയത്തിൽ നീ മാത്രമാണ് ഉള്ളത്' എന്ന് കാണിക്കാനാണ് ഇങ്ങനെ മനം ഉരുകി അവർ പറയുന്നത്. യഥാർത്ഥത്തിൽ ആർക്കും അങ്ങനെ ഹൃദയം തുറന്നു കാട്ടാനൊന്നും കഴിയില്ല. അങ്ങനെ ഹൃദയം തുറന്നു കാട്ടിയാൽ എന്ത് സംഭവിക്കും എന്ന് വെളിപ്പെടുത്തുന്ന കഥയാണിത്.

ഒരു ഗ്രാമത്തിൽ സ്വയം മേനി നടിക്കുന്ന ഒരു യുവാവ് ഉണ്ടായിരുന്നു. സൗന്ദര്യവും ആരോഗ്യവും ഉള്ള ആ യുവാവിന് ഒരു ചീത്ത സ്വഭാവവും ഉണ്ടായിരുന്നില്ല. ദിവസവും കൃത്യമായി വ്യായാമം ചെയ്ത് കഠിനമായി അധ്വാനിച്ചു ശരീരം ഭദ്രമായി അയാൾ കാത്തു സൂക്ഷിച്ചു.

ഗ്രാമത്തിൽ ഉത്സവം നടന്നപ്പോൾ അവിടെ എല്ലാവരും തടിച്ചു കൂടി. അപ്പോൾ ആ യുവാവ് ആ വലിയ ജനക്കൂട്ടത്തിന് നടുവിൽ ചെന്ന് നിന്നു. 'ഈ നാട്ടിൽ ഏറ്റവും സുന്ദരമായ ഹൃദയം എന്റെതാണ്' എന്നവൻ വീമ്പിളക്കി. എന്നിട്ട് ഹൃദയം തുറന്നു കാട്ടി. അത് മൃദുവായിരുന്നു. രക്തശോഭയിൽ അത് തിളങ്ങി. മനോഹരമായിരുന്നു ഹൃദയത്തിന്റെ തുടിപ്പ്. അവിടെ കൂടിയിരുന്ന എല്ലാവരും അത് മനോഹരമായ ഹൃദയമാണെന്നു സമ്മതിച്ചു.

അപ്പോൾ ആ കൂട്ടത്തിൽ ഒരു വൃദ്ധൻ 'എന്റെ ഹൃദയം പോലെ നിന്റെ ഹൃദയം മനോഹരമാകാൻ ഇടയില്ല' എന്ന് പറഞ്ഞു. യുവാവിനു കോപം വന്നു. 'ശരി ആ മനോഹരമായ ഹൃദയം കാട്ടുക ,' എന്നവൻ വെല്ലുവിളിച്ചു. വൃദ്ധൻ ആ ജനക്കൂട്ടത്തിന് നടുവിൽ വന്ന് തന്റെ ഹൃദയം തുറന്നു കാട്ടി. അത് ആരോഗ്യകരവും നന്നായി തുടിക്കുന്നതും ആണെങ്കിലും അത്ര മനോഹരമായിരുന്നില്ല. കീറിപ്പോയ തുണിയ മറ്റു പല നിറങ്ങളിലുള്ള തുണികൾ വച്ച തയ്ച്ചതു പോലെ ഉണ്ടായിരുന്നു. ഹൃദയത്തിൽ പലയിടങ്ങളിലും കുഴിവുകൾ കാണാം. അതിനു നല്ല രൂപം ഉണ്ടായിരുന്നില്ല.

എല്ലാവരും ചിരിച്ചു. യുവാവും ചിരിച്ചു പോയി. 'ഇതാണോ മനോഹരമായ ഹൃദയം,' അപ്പൂപ്പാ അവൻ ചോദിച്ചു.

വൃദ്ധൻ ദീർഘ നിശ്വാസത്തോടെ പറഞ്ഞു 'യുവായിരുന്നപ്പോൾ എന്റെ ഹൃദയവും നിന്റെ ഹൃദയത്തെ പോലെ തിളക്കമുള്ളതും മനോഹരവുമായിരുന്നു. പക്ഷേ പിന്നിടാണ് യഥാർത്ഥ അഴക് എന്താണ് എന്ന് എനിക്ക് മനസ്സിലായത്.അതിനുശേഷംഞാൻസ്നേഹിക്കുന്ന നിരവധി പേർക്ക് വലിയ ഉപകാരങ്ങൾ ചെയ്തു. അവർക്ക് സ്നേഹം പകർന്നു നൽകി. പ്രതിഫലം



പ്രതീക്ഷിക്കാതെയാണ് ഞാൻ സ്നേഹം കാണിച്ചത്. എങ്കിലും അവരിൽ പലരും എന്നോടും അതേപോലെ സ്നേഹം കാട്ടി. അങ്ങനെ എന്റെ ഹൃദയം നൽകി അവരുടെ ഹൃദയത്തെ വാങ്ങി ഉള്ളോട് ചേർത്തത് കൊണ്ടാണ് എന്റെ ഹൃദയത്തിന്റെ രൂപം മാറിയത്.

ചിലരോട് ഞാൻ എത്ര മാത്രം സ്നേഹം കാട്ടിയാലും അവരുടെ കൈയിൽ നിന്ന് എനിക്ക് സ്നേഹം തിരികെ ലഭിച്ചില്ല. അത് മൂലമാണ് എന്റെ ഹൃദയത്തിൽ നിറയെ കുഴിവുകൾ



ഉണ്ടായത്. ഈ കുഴിവുകൾ കാണുമ്പോൾ വേദന തോന്നുമെങ്കിലും ഞാൻ ഒട്ടേറെ പേർക്ക് സ്നേഹം പകർന്നു എന്ന ഓർമ്മ എനിക്കത് നൽകും' എന്ന് വൃദ്ധൻ പറഞ്ഞപ്പോൾ അവിടെ നിശ്ശബ്ദത പരന്നു.

ആ യുവാവ് കണ്ണീരോടെ ആ വൃദ്ധനെ ആശ്ലേഷിച്ചു. 'ഈ ലോകത്ത് ഏറ്റവും മനോഹരമായ ഹൃദയം നിങ്ങളുടെതാണ് അപ്പൂപ്പാ,' എന്നവൻ പറഞ്ഞു. അതിനു ശേഷം തന്റെ ഹൃദയത്തിൽ നിന്ന് ഒരു കഷണം എടുത്ത് ആ ഹൃദയത്തോട് ചേർത്തു വച്ചു. അയാളും തന്റെ ഹൃദയത്തിന്റെ ഒരു കഷണം അവനു കൈമാറി. 'ഇപ്പോഴാണ് എന്റെ ഹൃദയം മനോഹരമാകാൻ തുടങ്ങിയത്' എന്ന് പറഞ്ഞ് ആ യുവാവ് പോയി.

ഇത് ഭാവനയിൽ രൂപം കൊണ്ട കഥയാണെങ്കിലും എല്ലാവരോടും നാം സ്നേഹവും അനുകമ്പയും കാട്ടണമെന്ന് ഈ കഥ പഠിപ്പിക്കുന്നു. ആദരണീയരായ വ്യക്തികളായി മാറാൻ താഴെപ്പറയുന്ന കാര്യങ്ങൾ നാം ചെയ്യണം.

● ദേഷ്യവും പ്രതികാരവാഞ്ചയും മനസ്സിൽ നിന്ന് പിഴുതെറിയുക. നിങ്ങളോട് തെറ്റ് ചെയ്യുന്നവരോട് ക്ഷമിക്കാൻ പഠിക്കുക.

● മറ്റുള്ളവരോടുക്ഷമിക്കുന്നത്പോലെ,നിങ്ങൾ തെറ്റ് ചെയ്താൽ ക്ഷമ ചോദിക്കാൻ മറക്കരുത്. ക്ഷമ ചോദിക്കുമ്പോൾ ഇനി ഇങ്ങനെ ഒരു നടപടി ഉണ്ടാകില്ല എന്ന് വ്യക്തമായി ഉറപ്പിച്ചു പറയണം.

● നാം ചെയ്യുന്ന തെറ്റുകളെക്കാൾ മറ്റുള്ളവർ ചെയ്യുന്ന തെറ്റുകൾ ആകും നമ്മുടെ കണ്ണിൽ പെടുക. സത്യം പറയുകയാണ് എന്ന നാട്യത്തിൽ ആ തെറ്റുകളെ കഠിനമായ വാക്കുകൾ കൊണ്ട് വിമർശിക്കരുത്. ഒരാളുടെ കുറവുകൾ കണ്ടാൽ അതെ പറ്റി അന്വേഷിച്ച് നല്ല ഉദാഹരണങ്ങളാൽ അത് ചൂണ്ടിക്കാട്ടുക.

● എല്ലാവരോടും സ്നേഹത്തോടെ സംസാരിക്കണം. അറിയാത്തവരോട് പോലും കനിവോടെ പെരുമാറണം.

● സഹായം ചോദിക്കുന്നവർക്ക് മടി കൂടാതെ സഹായം ചെയ്യണം. സഹായം ചോദിക്കാത്തവർക്കും അവരുടെ സാഹചര്യം മനസ്സിലാക്കി വേണ്ട സഹായം ചെയ്യുക.

● നല്ല ലക്ഷ്യത്തോടെ ഒട്ടേറെ സ്ഥാപനങ്ങൾ സാമൂഹികസേവനം ചെയ്യുന്നുണ്ട്. പണമോ വസ്തുക്കളോ സന്നദ്ധ സേവനമോ അവർക്ക് നൽകുക. ആശുപത്രിയിൽ പോകേണ്ട വ്യക്തിക്ക്



പണം കൊടുക്കാം, ഒരു ആശ്രയവും ഇല്ലാത്തവർക്ക് ആഹാരമോ വസ്ത്രമോ നൽകാം. നിങ്ങളുടെ മേഖലയിൽ ശുചീകരണ പ്രവർത്തങ്ങൾ നടത്തുന്നവരോട് ചേർന്ന് ജോലി ചെയ്യാം. സമൂഹത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ നിങ്ങളെ വിശിഷ്ട വ്യക്തിയാക്കി മാറ്റും. ●



## ഞാൻ ആരാണെന്ന് അറിയുമോ?

ടെന്നിസിൽ എക്കാലത്തെയും വലിയ ഇതിഹാസമാണ് റോജർ ഫെഡറർ. ഇരുപതു തവണ ഗ്രാൻഡ് സ്ലാം കിരീടങ്ങൾ നേടിയ ടെന്നീസ് താരം. അടുത്തയിടെ വിരമിച്ച അദ്ദേഹത്തെ അറിയാത്ത ആരും ലോക ടെന്നീസിൽ ഉണ്ടാകില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവം...

ഓസ്ട്രേലിയൻ ഓപ്പണിൽ കളിക്കാൻ ഒരു തവണ അദ്ദേഹം പോയിരുന്നു. മൈതാനത്തിൽ പരിശീലനം നടത്തിയ ശേഷം ലോക്കറിൽ നിന്ന് വസ്ത്രങ്ങൾ മാറാൻ അദ്ദേഹം ഉള്ളിലേക്ക് പോയി. എന്നാൽ ടെന്നീസ് താരമാണെന്നു തെളിയിക്കുന്ന ഐഡന്റിറ്റി കാർഡ് അദ്ദേഹം കരുതിയിരുന്നില്ല. ആ കാർഡ് ഇല്ലാതെ ഉള്ളിൽ

## ഉത്തരവാദിത്ത ബോധം വേണം

തോമസ് ആൽവാ എഡിസനാണ് ആദ്യ മായി വൈദ്യുതി ബൾബ് കണ്ടുപിടിച്ചത്. ആ ബൾബ് കത്തുന്നത് കാണിക്കാൻ തന്റെ സുഹൃത്തു ക്കളെയും മറ്റു ശാസ്ത്രജ്ഞരെയും അദ്ദേഹം ഒരു യോഗത്തിനു വിളിച്ചു. അദ്ദേഹത്തിന്റെ ഗവേഷണ കേന്ദ്രത്തിലെ മുകളിലെ നിലയിലാണ് യോഗം. എഡിസൺ തന്റെ സഹായിയോട് ആ ബൾബ് മുകളിലെ നിലയിലേക്ക് കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അയാൾ അത് കൊണ്ടു വരുമ്പോൾ അത് കൈ തെറ്റി താഴെ വീണു. അവിടെ ഉണ്ടാ യിരുന്ന എല്ലാവരും സ്തബ്ധരായിപ്പോയി. സഹായിയും ഭയത്തിൽ വിയർത്തു.

എന്നാൽ എഡിസൺ പതറിയില്ല. അൽപ ദിവസങ്ങൾക്കുള്ളിൽ അദ്ദേഹം വീണ്ടും ഒരു ബൾബ് ഉണ്ടാക്കി. അതേ സഹായി തന്നെയാണ് ആ ബൾബ് വീണ്ടും കൊണ്ടു വന്നത്. ‘അയാളുടെ കൈയിൽ തന്നെ ആ ബൾബ് കൊടുക്കുകയോ’ എന്ന് ചിലർ അതിശയത്തോടെ ചോദിച്ചു. ‘ഒരു ബൾബ് ഉടഞ്ഞാൽ എനിക്ക് മറ്റൊന്ന് ഉണ്ടാക്കാൻ കഴിയും എന്നാൽ ഒരു വ്യക്തിയുടെ മനസ്സ് തകർന്നാൽ അത് എനിക്ക് ശരിയാക്കാനാവില്ല. അതിനാലാണ് അയാളുടെ കൈയിൽ തന്നെ ഞാൻ കൊടുത്തത്. അദ്ദേഹം ഉത്തരവാദിത്തം കാണിക്കുമെന്ന് ഉറപ്പുണ്ട്,’ അദ്ദേഹം പറഞ്ഞു.

അതോടെ, എഡിസനെ വിജയത്തിക്ക് നയിച്ച ഉത്തരവാദിത്ത ബോധത്തെപ്പറ്റിയും അദ്ദേഹത്തിന്റെ മനുഷ്യത്വത്തെപ്പറ്റിയും എല്ലാവർക്കും ബോധ്യമായി. .



## വില അറിഞ്ഞ് പെരുമാറണം

ഗ്രാമത്തിൽ ഒരാൾ വേട്ട നായ വളർത്തി വന്നു. ഗ്രാമത്തിനു വെളിയിൽ ഒറ്റപ്പെട്ട ഒരു തോട്ടത്തിലാണ് അയാളുടെ വീട്. വീടിനു കാവൽ ആ നായയാണ്. ആ നായ കുരച്ചു വരുന്നത് കണ്ടാൽ എല്ലാവരും ഭീതിയിൽ ഓടും. അതിന്റെ കുര ഗ്രാമം മുഴുവനും പ്രതിധ്വനിക്കും .

ഒരു ദിവസം വേട്ട നായ തന്റെ കുട്ടികളുമായി ഗ്രാമത്തിൽ നടന്നു കൊണ്ടിരുന്നു. അതിന്റെ ഉടമ ക്ഷേത്രത്തിൽ വന്നപ്പോൾ അദ്ദേഹത്തിനൊപ്പം വന്നതാണ്. തെരുവ് നായ്ക്കൾ അതിനെയും കുട്ടികളെയും കണ്ടു കുരച്ചു. വേട്ട നായ അത് ശ്രദ്ധിക്കാതെ മുന്നോട്ടു നടന്നു. പക്ഷേ പട്ടികുഞ്ഞുങ്ങൾക്ക് ദേഷ്യം വന്നു. ‘അമ്മാ , ഏതെങ്കിലും കള്ളന്മാർ ആയുധങ്ങളുമായി വന്നാൽ പോലും

കടക്കാൻ പറ്റില്ല എന്ന് ഗാർഡ് അറിയിച്ചു.

ഫെഡറർ കോപിച്ചില്ല. 'ഞാൻ ആരാണെന്ന് അറിയുമോ? എന്നെയാണോ തടയുന്നത്? എന്ന് ദേഷ്യപ്പെടാനും പോയില്ല.'എന്റേതാണ് തെറ്റ്' എന്ന് പറഞ്ഞ് അദ്ദേഹം സഹായിയെ വിളിച്ച് ഐഡന്റിറ്റി കാർഡ് കൊണ്ടു വരാൻ പറഞ്ഞു.

റോഡിൽ പോലിസ് പരിശോധന നടത്തുമ്പോഴും ലൈസൻസ് ചോദിക്കുമ്പോഴും 'ഞാൻ ആരാണെന്ന് അറിയുമോ' എന്ന് ചോദിക്കുന്നവരാണ് പലരും. ഇങ്ങനെ അധികാരം കാട്ടുന്നവർ തങ്ങളെ വലിയ ആളുകളായി കാണുന്നു. യഥാർത്ഥത്തിൽ അവരിൽ ആദരണീയമായ ഒന്നുമില്ല.



കുരച്ച് ഓടിക്കാറുണ്ടല്ലോ. ഈ സാധാരണ നായ്ക്കൾ നമ്മെ നോക്കി കുരയ്ക്കുന്നു.ആ നായ്ക്കളെ കടിച്ച് ഓടിക്കണ്ടേ?' അവർ ചോദിച്ചു. വേട്ട നായ ശാന്തമായി പറഞ്ഞു, 'ഇവ പേടിച്ച് കുരയ്ക്കുകയാണ്. ഇത് നാം കാണാത്ത മട്ടിൽ പോകണം. ഈ നായകളുമായി വഴക്കിടുന്നതല്ല, കാവൽ നിൽക്കുന്നതാണ് നമ്മുടെ മുഖ്യ ജോലി. വേട്ട നായകൾ എന്ന നിലയ്ക്ക് നമുക്ക് നല്ല ബഹുമാനം കിട്ടുന്നുണ്ട്. ശക്തരായ എതിരാളികളുമായി വേണം നാം പോരാടേണ്ടത്' എന്ന് ആ നായ പറഞ്ഞു. ഓരോന്നിന്റെയും വില അറിഞ്ഞു നാം പ്രവർത്തിക്കണം.

## പ്രവർത്തിയിലാണ് മതിപ്പ്

ഒരു തയ്യൽക്കാരൻ കടയിൽ തുണി തയ്ച്ചു കൊണ്ടിരിക്കുന്നു. മകൻ അടുത്തിരുന്ന് അയാൾ ചെയ്യുന്ന ജോലി നോക്കിയിരിക്കുന്നു.

തയ്യൽക്കാരൻ ഒരു പുതിയ തുണി എടുത്തു. അത് നിരവധി കഷണങ്ങളായി മുറിച്ചു. ശേഷം കത്രിക കാലിനരികിൽ വച്ച് തുണി തയ്ച്ചു തുടങ്ങി. തയ്യൽ തീർന്നതും ചെറിയ സൂചി തന്റെ തലയിലെ തൊപ്പിയിൽ കുത്തി വച്ചു.

മകന് ഇത് കണ്ടു സംശയമായി. 'അച്ഛാ കത്രികയ്ക്ക് വലിയ വിലയുണ്ട്. അപൂർവം കടകളിൽ മാത്രമേ അത് ലഭിക്കൂ. അത് അലക്ഷ്യമായി കാലിനരിയിൽ വയ്ക്കുന്നു. സൂചി വളരെ ചെറുതാണ്. വില കുറവും. അത് എവിടെയും കിട്ടും. എന്നാൽ അത് തലയിൽ ഭദ്രമായി വച്ചിരിക്കുന്നു. എന്താണ് അതിനു കാരണം?'

'നീ പറഞ്ഞത് ശരിയാണ്. കത്രികയ്ക്ക് അഴകും നല്ല വിലയും ഉണ്ട് പക്ഷേ അത് ഉപയോഗിക്കുന്നത് തുണി വെട്ടാനാണ്. അതായത് തുണി പല കഷണങ്ങൾ ആക്കാനാണ് അത് ഉപയോഗിക്കുന്നത്. എന്നാൽ സൂചി ചെറുതും വിലക്കുറഞ്ഞതും ആണെങ്കിലും അത് എല്ലാം തുന്നിച്ചേർക്കുന്ന കൃത്യമാണ് ചെയ്യുന്നത്. ഓരോരുത്തരുടെയും വില അവരുടെ പ്രവർത്തിയെ ആശ്രയിച്ചാണ്. നല്ല കൃത്യം ചെയ്താൽ അതിനനുസരിച്ചാണ് ഓരോന്നിന്റെയും വില. ●





# നൽകുന്നതും ആനന്ദം, പങ്കിടുന്നതും ആനന്ദം

ഒരാൾ രഹസ്യമായി വേണം ദാനം ചെയ്യേണ്ടത് എന്ന് പറയാറുണ്ട്. മറ്റുള്ളവർക്ക് സഹായം ചെയ്യുമ്പോൾ വലതു കൈ ചെയ്യുന്നത് ഇടതു കൈ അറിയരുതെന്ന് പഴമൊഴി. ഒരാൾക്ക് നാം ദാനം ചെയ്യുന്നു എന്ന് പരസ്യമായി പറഞ്ഞാൽ ദാനം വാങ്ങുന്ന ആൾക്ക് അത് വിഷമം ഉണ്ടാക്കും. ദാനം ചെയ്യുന്നവർ അക്കാര്യം പുറത്തു പറയുന്നതിൽ തെറ്റില്ല. പക്ഷേ ദാനം ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കാനായിട്ടായിരിക്കണം അത്. എന്റെ സഹായം കൊണ്ട് ഇവർ കഴിയുന്നു എന്ന തോന്നൽ ഉണ്ടാക്കൻ അത് ഇടയാക്കരുത്.

ഇറ്റലിയിൽ വെനിസ് നഗരത്തിന് അടുത്തുള്ള ഒരു ചെറിയ നഗരത്തിൽ താൻ കണ്ട ഒരു സംഭവം മുരളീധർ ഗുപ്ത എന്ന വ്യവസായി വിവരിക്കുന്നു. അദ്ദേഹവും ഒരു സുഹൃത്തും കാപ്പി കുടിക്കാൻ ഒരു കഫേയിൽ കയറി. അപ്പോൾ അടുത്ത ടേബിളിൽ വന്നിരുന്ന ഒരാൾ രണ്ട് കാപ്പി ഓർഡർ ചെയ്തു. 'ഒന്നെനിക്ക്, മറ്റൊന്ന് ചുവരിന്.' അവർക്ക് അതിശയമായി. അയാൾ ഒറ്റയ്ക്കാണ് വന്നത്. എന്തിനാണ് രണ്ടു കാപ്പി ഓർഡർ ചെയ്തത് എന്നായി അവരുടെ സംശയം. ചുവർ കാപ്പി കുടിക്കുമോ?

അവർ അവിടെയിരുന്ന് ശാന്തമായി കാര്യങ്ങൾ വീക്ഷിച്ചു. ആ വ്യക്തിക്ക് വെയിറ്റർ ഒരു കാപ്പിയാണ് നൽകിയത്. എന്നാൽ രണ്ടു കാപ്പിയുടെ ബിൽ കൊടുത്തു. അത് നൽകി അയാൾ പോയി. അപ്പോൾ വെയിറ്റർ ചുവരിൽ ഒരു കാപ്പി എന്ന് സ്റ്റിക്കർ ഒട്ടിച്ചു

കുറേ സമയം കഴിഞ്ഞപ്പോൾ രണ്ടു പേർ വന്നു. മൂന്നു കാപ്പി, ഒന്ന് ചുവരിന് എന്നവർ ഓർഡർ ചെയ്തു. അവർക്കും രണ്ടു കാപ്പിയും മൂന്നു കാപ്പിയുടെ ബില്ലും ലഭിച്ചു. അവരും ആ തുക നൽകിപ്പോയി. ഇപ്പോൾ ചുവരിൽ രണ്ടു സ്റ്റിക്കർ കാണാം. അപ്പോഴാണ് അവർ ആ ചുവർ സൂക്ഷിച്ചു നോക്കിയത്. ആ ചുവരിൽ ഇത് പോലെ നിരവധി സ്റ്റിക്കർ കാണാം

കുറച്ചു നേരം കഴിഞ്ഞപ്പോൾ മറ്റൊരാൾ വന്നു അതേ ടേബിളിൽ ഇരുന്നു.അത്ര വെടിപ്പുള്ള വസ്ത്രമല്ല. തലമുടി അലങ്കോലമാണ്. അയാൾ ഇരുന്നതും ചുവരിൽ നോക്കി അതിൽ നിറയെ സ്റ്റിക്കർ കണ്ട് സന്തുഷ്ടനായി. അയാൾ 'ഒരു കാപ്പി ചുവരിൽ നിന്ന്' എന്ന് ഓർഡർ ചെയ്തു. മറ്റുള്ളവരോടു കാണിക്കുന്ന അതേ ബഹുമാനത്തോടെ അയാൾക്ക് വെയിറ്റർ കാപ്പി കൊണ്ടു കൊടുത്തു. കാപ്പി കുടിച്ച അയാൾക്ക് ബിൽനൽകിയില്ല.അയാൾഎഴുന്നേറ്റുപോയപ്പോൾ വെയിറ്റർ ചുവരിൽ നിന്ന് ഒരു സ്റ്റിക്കർ എടുത്തു.

ഇതോടെ മുരളീധരന് കാര്യങ്ങൾ പിടികിട്ടി. ആ നഗരത്തിലെ ജനങ്ങളുടെ സഹജീവിസ്നേഹത്തിന്റെ പ്രതീകമായി ആ ചുവര് മുഴുവനും സ്റ്റിക്കർ നിറഞ്ഞിരുന്നു. നമ്മുടെ നാട്ടിൽ ചായക്കടക്കു മുന്നിൽ കൈ നീട്ടി നിൽക്കുന്ന യാചകരെ അവിടെ കാണാനില്ല. പണമുള്ളവർ തങ്ങൾക്കു കഴിയും വിധം ഇങ്ങനെ സഹായം നൽകുന്നു. ഒരു ചുവർ അങ്ങനെ മനുഷ്യാഭിമാനത്തിന്റെ പ്രതീകമായി മാറുന്നു.

വിശന്നു വലയുന്ന പ്രായം ചെന്നവർക്കും രോഗികൾക്കും കുറഞ്ഞ വിലയിൽ ഭക്ഷണം നൽകുന്ന സ്ഥാപനങ്ങളും മിച്ചം വരുന്ന ഭക്ഷണങ്ങൾ ആവശ്യക്കാർക്ക് നൽകുന്ന സംവിധാനവും ഇപ്പോൾ പല നഗരങ്ങളിലും ഉണ്ട്. ഹോട്ടലുകളിലും പ്രധാന ചടങ്ങുകളിലും മിച്ചം വരുന്നഭക്ഷണംഅതിനായികാത്തിരിക്കുന്നവരുടെ അടുത്ത് എത്തിക്കുന്ന യുവജന പ്രസ്ഥാനങ്ങളും ഉണ്ട്. മനുഷ്യാഭിമാനമാണ് അവരെ ഇതിനു പ്രേരിപ്പിക്കുന്ന ഘടകം.

കൊടുക്കുന്നതിലും ഓരോന്നും പങ്കു വയ്ക്കുന്നതിലുമാണ് മനുഷ്യകുല ത്തിന്റെ മഹിമ കാണുന്നത്. ആഫ്രി ക്കയിലെ ആദിവാസി ഗോത്ര സമൂഹങ്ങളെ പറ്റി പഠനം നടത്തിയ ഒരു ഗവേഷകൻ തന്നെ ഞെട്ടിച്ച ഒരു അനുഭവം പങ്കുവയ്ക്കുന്നു. അയാൾ ഒരു ഗോത്രത്തിലെ കുട്ടികളെ ഒരു മൈതാനത്തിൽ വരിയായി നിർത്തി അവർക്ക് മുന്നിൽ അകലെയായി ഒരു ചോക്കലേറ്റ് പെട്ടി വച്ചു. താൻ വിസിൽ അടിക്കുമ്പോൾ ആര് ഓടി വന്ന് ഇതിൽ ആദ്യം തൊടുന്നുവോ അവർക്കാണ് ഈ പെട്ടി എന്ന് പറയുന്നു.

വിസിൽ അടിച്ചതും അവിടെ നടന്ന കാഴ്ച അയാൾക്ക് വിശ്വസിക്കാനായില്ല. ആ കുട്ടികൾ കൈ കോർത്ത് ഒന്നായി ഓടി ആ പെട്ടിയിൽ തൊട്ട് ആ ചോക്കലേറ്റ് പങ്കിട്ടു. എന്തു കൊണ്ടാണ് ഇങ്ങനെ ചെയ്തതെന്ന് ചോദിച്ചപ്പോൾ ആ കുട്ടികൾ കോറസ് പോലെ ഉബുണ്ടു എന്ന് പറഞ്ഞു. 'മറ്റുള്ളവർ ദുഃഖത്തിൽ ആണ്ടു കഴിയുമ്പോൾ തങ്ങൾ എങ്ങനെ സന്തോഷിക്കും' എന്നാണ് ഇതിന്റെ അർത്ഥം. ഒരു കുട്ടിയേയും ഒഴിവാക്കി ചോക്കലേറ്റ് കഴിക്കാൻ മറ്റുള്ളവർ തയാറായില്ല.

മാനസിക പരിമിതിയുള്ള കുട്ടികൾക്കായി ഓട്ടപ്പന്തയം നടന്നു. കാണികൾ ആവേശത്തോടെ അവരെ പ്രോത്സാഹിപ്പിച്ചു കൈയടിച്ചപ്പോൾ അവരുടെ മുഖത്ത് കളങ്കമറ്റ ചിരി പടർന്നു. റഫറി കൊടി കാട്ടിയപ്പോൾ അവർ ഓടാൻ തുടങ്ങി. വളരെ ദൂരെയുള്ള ലക്ഷ്യം നോക്കിയാണ് അവർ ഓടുന്നത്. ഇതിന്റെയിടയിൽ ഒരു കുട്ടി താഴെ വീണു. അവനു നല്ല പരിക്കുകൾ ഉണ്ട്.

ഭയവും വേദനയും കൊണ്ട് അവൻ കരഞ്ഞു തുടങ്ങി. അത് കേട്ടതും എല്ലാ കുട്ടികളും ഓട്ടം നിർത്തി അവനു ചുറ്റും കൂടി. അവനെ എഴുന്നേൽപിച്ച് കണ്ണീർ തുടച്ച് ആശ്വസിപ്പിച്ച് അവനെ തോളിൽ വച്ച് ഓടാൻ തുടങ്ങി. ആ കുട്ടികൾ ഒരുമിച്ചു വിജയലക്ഷ്യം കണ്ടു. അത് കണ്ട കാണികളും കൈയടിച്ചു. ഇവർക്ക് മാനസിക പരിമിതിഉണ്ടെന്ന് എങ്ങനെ പറയും എന്നായിരുന്നു എല്ലാവരുടെയും മനസ്സിൽ ഉയർന്ന ചോദ്യം

കൊടുക്കുന്നതും അത് പങ്കിടുന്നതും അതിമനോഹരമായ കാര്യമാണ്. ആ മാധുര്യം ഇല്ലാതാക്കരുത്.



## മികച്ച വിൽപനക്കാരൻ



ഹയർ സെക്കൻഡറിക്ക് അപ്പുറം പഠിക്കാൻ ദരിദ്രമായ സാഹചര്യം അനുവദിച്ചില്ല. ഹൃദ്യമായി സംസാരിക്കാനുള്ള കഴിവ് മൂലം തനിക്ക് മികച്ച വിൽപനക്കാരനാകാൻ കഴിയും എന്നവൻ സ്വപ്നം കണ്ടു. ഗ്രാമത്തിൽ ഒരു കാർ ഷോ റൂമിൽ സെയിൽസ് ബോയ് ആകാൻ അവൻ അപേക്ഷിച്ചു എന്നാൽ വിദ്യാഭ്യാസം ഇല്ലാത്തത് മൂലം മാനേജർക്ക് അവന്റെ കഴിവിൽ വിശ്വാസമില്ല. കേണപേക്ഷിച്ച അവനെ താൽക്കാലികമായി ആ ജോലിക്ക് നിയമിച്ചു. ആദ്യ ദിവസം തന്നെ അവൻ ഒരു കാർ വിറ്റഴിച്ചു. അടുത്ത മാസം ആ ഷോറൂമിൽ ജോലി നോക്കുന്നവർ വിൽക്കുന്നതിലും കൂടുതൽ കാർ അവൻ വിറ്റഴിച്ചു. അസൂയ മൂത്ത എല്ലാവരും ചേർന്ന് അവനെതിരെ ഓരോരോ പരതി പറഞ്ഞു അവനെ ജോലിയിൽ നിന്നു പുറത്താക്കി.

തന്റെ ഈ അനുഭവം മുതലാക്കി പിന്നീട് ഷെവർലെ കാർ ഷോ റൂമിൽ അവൻ ജോലിക്ക് ചേർന്നു. ജോ ജിറാർഡ് ആയിരുന്നു അത്. അടുത്ത 15 വർഷങ്ങളിൽ അദ്ദേഹം 13001 കാറുകളാണ് വിറ്റത്. 1425 കാറുകൾ വിറ്റ വർഷം പോലുമുണ്ട്.

എങ്ങനെയാണ് ഇത് സാധ്യമായത്? താൻ വഴി കാർ വാങ്ങിയ ഓരോ ഉപഭോക്താവിന്റെയും മേൽവിലാസം വാങ്ങി ഇടക്കിടെ അദ്ദേഹം അവർക്ക് കത്തുകൾ അയക്കും. പുതു വർഷം, ജന്മദിനം എന്നിങ്ങനെ അവർക്ക് ആശംസകൾ അയക്കും. വ്യാപാരം മാത്രം ലക്ഷ്യമാക്കിയല്ല, യഥാർത്ഥ സ്നേഹത്തോടെയാണ് ഓരോ കത്തും അദ്ദേഹം അയക്കുക. ജനങ്ങൾ കാർ വാങ്ങാൻ ആഗ്രഹിക്കുന്ന തങ്ങളുടെ ബന്ധുക്കളോടും സുഹൃത്തുക്കളോടും അവർ ജിറാർഡിന്റെ പേര് ശുപാർശ ചെയ്യും.

## തീരുമാനം ഉള്ളിൽ നിന്ന് വരണം




1999-ൽ നിസ്സാൻ കാർ നിർമ്മാണം നിർത്തേണ്ട നിലയിലേക്ക് വന്നു. കോടിക്കണക്കിനു ഡോളർ നഷ്ടത്തിലായിരുന്നു കമ്പനി. പത്തു വർഷങ്ങളായി തങ്ങളുടെ വിപണി മറ്റുള്ളവർ പിടിക്കുന്നത് അവർക്ക് നോക്കി നിൽക്കേണ്ടി വന്നു. പുതിയ കാറുകൾ കൊണ്ടു വരുകയോ വ്യത്യസ്തമായ ശ്രമങ്ങളോ ഇല്ലാത്തത് മൂലം ആ സ്ഥാപനത്തിന്റെ കാറുകൾ വാങ്ങാൻ ഉപഭോക്താക്കൾ മടിച്ചു. അവസാനം തങ്ങളുടെ കമ്പനിയെ രക്ഷപ്പെടുത്താൻ ഫ്രഞ്ച് കമ്പനിയായ റെനോയെ കൂട്ടുപിടിച്ചു. റെനോ കമ്പനിയെ തകർച്ചയിൽ നിന്ന് രക്ഷപ്പെടുത്തിയ കാർലോസ് ഗോസ്സൻ എന്ന വിദഗ്ധനെ അവർ വിളിച്ചു വരുത്തി തങ്ങളുടെ കമ്പനിയെ രക്ഷപ്പെടുത്താൻ ആവശ്യപ്പെട്ടു.

കടുത്ത പ്രതിസന്ധിയിൽ കൂടി കടന്നു പോകുമ്പോഴായിരുന്നു കാർലോസ് വന്നത്. നഷ്ടത്തിൽ

## മാറ്റത്തിലൂടെ മാറ്റം

ടാറ്റാ സ്റ്റീൽ തലവനായിരുന്നു റുസ്സി മോദി ജാംഷെഡ്പൂർ നഗറിൽ ഉള്ള ടാറ്റാ ഉരുക്ക് ഉൽപാദനകേന്ദ്രത്തിലെ വലിയ മൈതാനത്തിൽ ഇടയ്ക്കിടെ വലിയ മീറ്റിംഗ് വിളിച്ചു കൂട്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ ആരായുമായിരുന്നു.

ഒരു തവണ അദ്ദേഹത്തിന്റെ അടുക്കൽ രസകരമായ ഒരു പ്രശ്നം വന്നു. 'ഉന്നത ഉദ്യോഗസ്ഥന്മാരുടെ ശുചിമുറികൾ വൃത്തിയും ശുദ്ധിയുമുള്ളതാണ്. എന്നാൽ തൊഴിലാളികൾ ഉപയോഗിക്കുന്ന ശുചിമുറികൾക്ക് വൃത്തിയും ശുദ്ധിയും ഇല്ല' എന്ന് തൊഴിലാളികളിൽ ഒരാൾ പരാതിപ്പെട്ടു. ഉടനെ തൊഴിൽ ശാലയിലെ മാനേജരെ വിളിച്ചു വരുത്തി ഈ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. 'ഇത് ശരിയാക്കാൻ ഒരു മാസം പിടിക്കും' എന്ന് മാനേജർ അലക്ഷ്യമായി മറുപടി പറഞ്ഞു. മാനേജർക്ക് ഇതിൽ താൽപര്യമില്ലെന്നു റുസ്സി മോഡിക്ക് മനസ്സിലായി. 'അത്ര ദിവസം ഇതിനു വേണമോ? ഞാൻ ഒരു ദിവസം കൊണ്ട് ശരിയാക്കാം' എന്നദ്ദേഹം പറഞ്ഞു. അടുത്ത ദിവസം അദ്ദേഹം ഒരേ ഒരു തൊഴിലാളിയുമായി ശുചി മുറികൾ ഉള്ള ഇടത്തേക്ക് പോയി. മാനേജർമാരുടെ ശുചി മുറി എന്ന ബോർഡ് തൊഴിലാളികളുടെ ശുചിമുറിക്ക് മുന്നിലും തിരിച്ചും മാറ്റിവയ്ക്കാൻ അദ്ദേഹം പറഞ്ഞു. മാത്രമല്ല ഓരോ 15 ദിവസത്തിലും ഇത് മാറ്റണമെന്ന് അദ്ദേഹം ഉത്തരവിട്ടു. അതിനു ശേഷം ഇരു പ്രദേശങ്ങളും വൃത്തിയുള്ള ഇടങ്ങളായി മാറി.

പ്രശ്നങ്ങൾ കേട്ട് ശാന്തമായി അതിനു പരിഹാരം കാണുന്നവരാണ് ആദരണീയരായ മേധാവികൾ. അതിനായി അവർ പുതിയ വഴികൾ കണ്ടുപിടിക്കും.



ഓടുന്ന കമ്പനിയിൽ പ്രവർത്തിക്കുന്ന ഓരോരുത്തരുടെയും മനോനില വളരെ താഴ്ന്നിരുന്നു. ഇങ്ങനെയുള്ള നേരത്തിൽ പുറത്തു നിന്ന് വരുന്ന ഒരു മാനേജ്മെന്റ് വിദഗ്ധൻ ദ്രുതഗതിയിൽ കഠിനമായ മാറ്റങ്ങൾ കൊണ്ടു വന്നാൽ നല്ല മാറ്റം ഉണ്ടാകാൻ പോകുന്നി ല്ല.

അതറിയാവുന്ന കാർലോസ് ഒരു തീരുമാനം എടുത്തു. അദ്ദേഹം സ്ഥാപനത്തിന്റെ പ്രധാന മേധാവികളെവിളിച്ചുകൂട്ടി.'എന്തെല്ലാംചെയ്താൽ കമ്പനിയെ ലാഭത്തിൽ കൊണ്ടു വരാം' എന്ന് ഒരു പ്ലാൻനൽകാൻഅദ്ദേഹംഅവരോടുആവശ്യപ്പെട്ടു. ഇതേ പോലെ ഓരോ വിഭാഗത്തോടും അദ്ദേഹം ആവർത്തിച്ചു. അദ്ദേഹം എല്ലാവരും നൽകിയ ശുപാർശകൾ പഠിച്ചു. അവസാനം അദ്ദേഹം എല്ലാവരേയും വിളിച്ചു കൂട്ടി. 'നമ്മുടെ സ്ഥാപനം നഷ്ടത്തിലാണ്. നഷ്ടം ഇല്ലാതാക്കാൻ ഞാൻ ചില വഴികൾ നിർദ്ദേശിക്കുകയാണ്.ഇത് എന്റെ തീരുമാനം അല്ല. നിങ്ങളുടെ ശുപാർശകളിൽ നിന്ന് തയാറാക്കിയതാണ്,' അദ്ദേഹം പറഞ്ഞു

കഠിനമായ തീരുമാനങ്ങൾ ആണ് നടപ്പാക്കിയത്. എന്നാൽ ആരും അതിനെതിരെ ശബ്ദം ഉയർത്തിയില്ല. കാരണം അതെല്ലാം അവിടത്തെ തൊഴിലാളികൾ നൽകിയ ശുപാർശ ആയിരുന്നു. അടുത്ത രണ്ടു വർഷങ്ങളിൽ നിസ്സാൻ -റെനോ നഷ്ടത്തിൽ നിന്ന് കര കയറി.

ഒരു വേള കാർലോസ് ഈ തീരുമാനങ്ങൾ സ്വയംഎടുത്ത് നടാപ്പാക്കിയിരുന്നെങ്കിൽ അതിന്റെ ഫലം മറ്റൊന്നാകുമായിരുന്നു. 'നിങ്ങളെയും സ്ഥാപനത്തെയും രക്ഷപ്പെടുത്താൻ നിങ്ങൾ തീരുമാനം എടുക്കുക' എന്ന അധികാരം അവർക്ക് കൊടുത്തു. അങ്ങനെ ലക്ഷ്യം നേടിയ വ്യത്യസ്ത മേധാവിയാണ് കാർലോസ്



# നമ്മെ മാറ്റുന്ന നല്ല ശീലങ്ങൾ

എല്ലാ വസ്തുക്കളെയും അപേക്ഷിച്ച് പണത്തിന് ഇത്തിരി വില കൂടും. എന്നാൽ പണത്തിനു വാങ്ങാൻ കഴിയാത്ത നിരവധി കാര്യങ്ങൾ ഉണ്ട്. സ്നേഹം, വിശ്വാസം, അഭിമാനം, ബഹുമാനം, ബഹുമതി, ധർമ്മവും നീതിയും എന്നിങ്ങനെ ഒരു വലിയ പട്ടിക തന്നെ ഉണ്ടാക്കാം. പണം ഉള്ളത് കൊണ്ട് ഒരാൾ പണക്കാരൻ ആകുന്നില്ല. കഷ്ടപ്പാടിൽ കഴിയുന്നവർ ദരിദ്രരും അല്ല.

ഒരു ധനിക വസ്ത്രം വാങ്ങാൻ ഒരു തുണിക്കടയിൽ എത്തി. മാനേജർ അവരെ വരവേറ്റപ്പോൾ 'എന്റെ മകന്റെ വിവാഹമാണ്. ധാരാളം വസ്ത്രം എടുക്കണം' എന്ന് പറഞ്ഞു. ആ സ്ത്രീയെ സഹായിക്കാൻ രണ്ടു പേരെ മാനേജർ നിയോഗിക്കുന്നു.

പല മണിക്കൂർ ചെലവിട്ടു വിലപിടിച്ച വസ്ത്രങ്ങൾ ആ സ്ത്രീ കുടുംബത്തിലുള്ളർക്കും ബന്ധുക്കൾക്കും എടുത്തു. ഓരോ വസ്ത്രത്തിനും എന്ത് വിലയാണെന്നു പോലും അവർ നോക്കിയില്ല.

എല്ലാം എടുത്ത ശേഷം അവർ മാനേജരോട് പറഞ്ഞു, 'എന്റെ വീട്ടിൽ ജോലി നോക്കുന്ന വേലക്കാരിക്കും ഡ്രസ് വേണം. ഉള്ളതിൽ ഏറ്റവും വില കുറഞ്ഞ ഒരു സാരി വേണം.'

'ഞങ്ങളുടെ കടയിൽ വില കുറഞ്ഞ വസ്ത്രങ്ങൾ ഇല്ല,' മാനേജർ പറഞ്ഞു. ആ സ്ത്രീ അങ്ങനെ ചോദിച്ചതു കൊണ്ട് മറ്റൊരു കടയിൽ നിന്ന് വില കുറഞ്ഞ ഒരു സാരി വാങ്ങി വരാൻ ഒരു സഹായിയെ മാനേജർ അയച്ചു. ആ സ്ത്രീയും അത് പ്രത്യേകം വാങ്ങി വച്ചു.

കുറെ സമയം കഴിഞ്ഞപ്പോൾ നിറം പോയ ഒരു സാരി ധരിച്ച് ഒരു പാവം പെണ്ണ് അവിടെ വന്നു. കടയിൽ അടുക്കി വച്ചിരുന്ന വ്യത്യസ്ത ഇനം വസ്ത്രങ്ങൾ നോക്കി നിന്നു. തങ്ങളുടെ കടയിൽ ഇങ്ങനെ ആരും വരാത്തത് കൊണ്ട് മാനേജർ അവരെ വിളിച്ച് പ്രത്യേകം അന്വേഷിച്ചു.

'എന്റെ മുതലാളിയുടെ മകന്റെ കല്യാണമാണ്. ആ കുട്ടിക്ക് ഏത് ഡ്രസ്സ് എടുത്തു കൊടുക്കണമെന്ന് അറിയില്ല. അതിനാൽ മുതലാളിയുടെ ഭാര്യക്ക് ഒരു സാരി എടുത്തു സമ്മാനിക്കണം. നിങ്ങളുടെ കടയിൽ ഉള്ളതിൽ ഇത്തിരി വില കൂടിയ സാരി കാട്ടുമോ?' എന്ന് പറഞ്ഞ് അവർ തന്റെ പഴ്സിൽ നിന്ന് ചുരുട്ടി വച്ച കുറെ നോട്ടുകൾ എടുത്തു.

മാനേജർ അവരുമായി കൂടുതൽ സംസാരിച്ചപ്പോൾ ആണ് അറിയുന്നത് കുറച്ചു മുമ്പ് ലക്ഷങ്ങൾ

മുടക്കി വസ്ത്രങ്ങൾ എടുത്ത സ്ത്രീയുടെ വീട്ടിലെ ജോലിക്കാരിയാണ് അവർ എന്ന്. അവർ ആ ജോലിക്കാരിക്ക് 300 രൂപയുടെ സാരിയാണ് വാങ്ങിയത്. ജോലിക്കാരിയോ, അവർക്കായി അയ്യായിരം രൂപയുടെ സാരിയാണ് വാങ്ങിയത്!

ഇവരിൽ ആരാണ് ആദരണീയർ?

വിനോദയാത്രയ്ക്കുപോയയുവദമ്പതികൾഒരു പഞ്ച നക്ഷത്ര ഹോട്ടലിൽ കഴിയുകയായിരുന്നു. അവരുടെ ആറു മാസം പ്രായമുള്ള കുഞ്ഞ് വിശന്നു കരഞ്ഞപ്പോൾ ഹോട്ടൽ റെസ്റ്റോറന്റിൽ ഫോൺ ചെയ്തു പാൽ ചോദിച്ചു.

'ഞങ്ങൾ പാല് മാത്രമായി വിൽക്കാറില്ല. കാപ്പി മാത്രമേ ഇവിടെ കിട്ടൂ. കുഞ്ഞിനു വേണമെങ്കിൽ കോഫി പൗഡർ ചേർക്കാതെ വെറും പാൽ നൽകാം. എന്നാൽ കാപ്പിക്ക് വരുന്ന 200 രൂപ നിങ്ങൾ നൽകണം.' സാരമില്ല എന്ന് പറഞ്ഞവർ പാൽ വാങ്ങി കുഞ്ഞിനു നൽകി.

വെളിയിൽഅവർപലഇടങ്ങൾചുറ്റിവരുമ്പോൾ വഴിയിൽ കുഞ്ഞ് വിശന്നു കരഞ്ഞു. അടുത്തെങ്ങും ഹോട്ടൽ ഇല്ല. തങ്ങിയ ഹോട്ടലിൽ നിന്ന് പാൽ വാങ്ങികൊണ്ടുവരാമായിരുന്നു എന്നവർഓർത്തു. ചെറിയ ഗ്രാമം പോലെയിരുന്ന അവിടെ പ്രായം ചെന്ന ഒരാൾ ചായക്കട നടത്തുന്നുണ്ടായിരുന്നു. അവിടെ നിന്ന് കിട്ടിയില്ലെങ്കിൽ അടുത്തൊരിടത്ത് നിന്നും പാൽ കിട്ടാൻ വഴിയില്ല.

'നമ്മെപ്പോലെ സൗകര്യമുള്ളവർ ഈ റോഡരികിൽ നിന്ന് പാൽ വാങ്ങി കുട്ടിക്ക് നൽകണോ' എന്ന് യുവാവായ അച്ഛൻ ചോദിച്ചു. 'വേറെ വഴിയില്ല. വൃത്തിയുള്ള കടയാണ്.പോയി നോക്കുക. ഗ്രാമത്തിലുള്ളവർ ഒന്നിലും മായം



ചേർക്കില്ല,' യുവതി അയാളോട് പറഞ്ഞു.

'കാറിൽ വന്നിറങ്ങുന്നത് കണ്ട ആ കിഴവൻ നമ്മളോടു കൂടുതൽ കാശ് ചോദിക്കും' എന്ന് പുലമ്പിക്കൊണ്ട് അയാൾ കടയിലേക്ക് പോയി.

'കുഞ്ഞിനു പാൽ വേണം' എന്നയാൾ കടക്കാരനോട് പറഞ്ഞു. കടക്കാരൻ ചിരിച്ചു. അയാൾ കുഞ്ഞിനെ ആശ്വസിപ്പിക്കാനെന്നോണം ഒരു പാട്ട് പാടി പാൽ കുപ്പി ചൂട് വെള്ളത്തിൽ കഴുകി. നല്ല ചുടുപാൽ ആറ്റി കുപ്പിയിൽ ഒഴിച്ചു കൊടുത്തു. 'നിങ്ങൾ കാപ്പിയോ ചായയോ വേണോ?' എന്നയാൾ ചോദിച്ചു. ഇരുവരും വേണ്ട എന്ന് പറഞ്ഞു

'പാലിന് എത്രയായി' എന്ന് കുഞ്ഞിന്റെ അച്ഛൻ ചോദിച്ചു പഴ്സ് എടുക്കുമ്പോൾ കടക്കാരൻ വിനയത്തോടെ പറഞ്ഞു, 'കുഞ്ഞിന്റെ വിശപ്പ് അകറ്റാൻ പാൽ നല്കുന്നത് പുണ്യമാണ്. അതിനു കാശ് വാങ്ങുന്നത് തെറ്റാണ്,' അയാൾ അവിടെ നിർത്തിയില്ല. അവർ എങ്ങോട്ടാണ് പോകുന്നതെന്ന് അയാൾ അന്വേഷിച്ചു. 'പോകുന്ന വഴിയിൽ ഉച്ചയ്ക്കു ശേഷം കടകൾ ഇല്ല. പാൽ കിട്ടുന്നത് ബുദ്ധിമുട്ടാണ്. നിങ്ങളുടെ കൈയിൽ ഫ്ലാസ്ക് ഉണ്ടെങ്കിൽ കുറച്ചു പാൽ അതിൽ കൊണ്ടു പോകാം. അല്ലെങ്കിൽ കുഞ്ഞ് ഇനിയും വിശന്നു കരയും' എന്ന് പറഞ്ഞു ഫ്ലാസ്കിൽ പാൽ നിറച്ചു കൊടുത്തു.

കളങ്കമറ്റ ആ സ്നേഹം ആ യുവാവിനെ വല്ലാതെ സ്പർശിച്ചു. അയാൾ ആ ചായക്കടക്കാരനെ കെട്ടിപ്പിടിച്ചു. 'പണത്തെ പറ്റി എന്റെ മനസ്സിലുള്ള കണക്കുകൂട്ടലുകൾ നിങ്ങൾ തെറ്റിച്ചു. പണം കൈവശം വയ്ക്കുന്നവർ എല്ലാവരും ധനികർ അല്ല. അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതനുസരിച്ചാണ് അതിന്റെ വില. പണത്തിനും അപ്പുറം സമ്പാദിക്കേണ്ട കാര്യങ്ങൾ നിരവധിയാണ്' അയാൾ പറഞ്ഞു.

ഒരു പ്രതിഫലവും പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് ചെയ്യുന്ന സഹായങ്ങൾ മഹത്തരമാണ്. ധാരാളം പണം നൽകുന്നതിലും സംതൃപ്തി ഇത് നൽകും. ഈ ലോകത്ത് എത്രയോ നല്ല മനുഷ്യരുണ്ട്. നമ്മൾക്ക് അങ്ങനെ ഒരാളെ കാണാൻ പറ്റുമോ എന്ന് സംശയിച്ചു തിരയുന്നത് കൊണ്ട് മാറ്റമൊന്നും ഉണ്ടാകില്ല. നാമും അങ്ങനെ ഒരാളായി മാറണം എന്ന് കരുതുന്നത് നമ്മെ ഉന്നത തലത്തിൽ എത്തിക്കും. ●

## എന്താണ് അന്തസ്സ് നൽകുന്നത്?

സ്വാമി വിവേകാനന്ദനോട് ഒരിക്കൽ ഒരു ഇംഗ്ലീഷുകാരൻ ചോദിച്ചു, 'ഞങ്ങളെ നോക്കൂ. കോട്ടും സ്യൂട്ടും ടൈയും ധരിച്ച് എത്ര നല്ല വേഷത്തിലാണ് ഞങ്ങൾ പൊതുവേദിയിൽ വരുന്നത്. നിങ്ങൾ എന്താണ് യാതൊരു വെടിപ്പുമില്ലാതെ കാവി വസ്ത്രം ധരിക്കുന്നത്?'

വിവേകാനന്ദൻ പുഞ്ചിരിയോടെ പറഞ്ഞു , 'നിങ്ങളുടെ സംസ്കാരത്തിൽ ഒരു തയ്യൽക്കാരനാണ് നിങ്ങളെ അന്തസ്സുള്ളയാളാക്കി മാറ്റുന്നത് എന്നാൽ ഇന്ത്യൻ സംസ്കാരത്തിൽ സ്വന്തം പ്രവർത്തിയാണ് ഒരാളെ അന്തസ്സുള്ളയാളാക്കി മാറ്റുന്നത്.'



## ഈ ശമ്പളം മതി

അന്തരിച്ച മുൻപ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രി ചെറു പ്രായത്തിൽ കോൺഗ്രസിൽ മുഴുവൻസമയപ്രവർത്തകനായിമാറി.സ്വാതന്ത്ര്യ പോരാട്ടത്തിൽ ഇങ്ങനെ പാർട്ടിക്കു വേണ്ടി പ്രവർത്തിച്ചവർക്ക് ശമ്പളം നൽകുമായിരുന്നു. .ശാസ്ത്രിക്ക് ലഭിച്ചത് നാൽപതു രൂപ മാത്രമാണ്

ഒരിക്കൽ അദ്ദേഹത്തെ കാണാൻ ഒരു സുഹൃത്ത് വന്നു. 'എനിക്ക് അടിയന്തരമായി അമ്പതു രൂപ കടം വേണം' എന്ന് പറഞ്ഞു. 'എനിക്ക് കിട്ടുന്നത് മാസം നാൽപതു രൂപ മാത്രം. ഇതു വച്ച് കുടുംബം പോറ്റുന്നത് വിഷമകരമാണ്. ഈ സാഹചര്യത്തിൽ എനിക്ക് എങ്ങനെ അമ്പതു രൂപ കടം തരാൻ പറ്റും?' ശാസ്ത്രി ചോദിച്ചു. കടം ചോദിച്ച വ്യക്തി വിഷമിച്ചിരിക്കുന്നത് കണ്ട് ശാസ്ത്രിയുടെ ഭാര്യ അമ്പതു രൂപ അയാൾക്ക് കൊണ്ടുവന്നു കൊടുത്തു. സന്ദർശകൻ സന്തോഷത്തോടെ തിരികെ പോയി

അയാൾ പോയതും ശാസ്ത്രി ഭാര്യയോട് 'നിനക്ക് എങ്ങനെ ഈ പണം കിട്ടി' എന്ന് ആരാഞ്ഞു. നിങ്ങൾ മാസാമാസം നൽകുന്ന നാൽപതു രൂപ ശ്രദ്ധയോടെ ചെലവു ചെയ്ത്

## പക്വമായ സൃഷ്ടി

ബ്രിട്ടീഷ് ഭരണകാലത്ത് ഒരു കോളേജിൽ നടന്ന അഭിനന്ദന യോഗത്തിൽ ഒരു ബ്രിട്ടിഷുകാരൻ സ്വയം പുകഴ്ത്തി ഇങ്ങനെ പറഞ്ഞു, 'ഈശ്വരന് ബ്രിട്ടിഷുകാരായ ഞങ്ങളോട് പ്രത്യേക മമതയാണ്. ഞങ്ങളെ വളരെ സ്നേഹത്തോടെയാണ് ഈശ്വരൻ സൃഷ്ടിച്ചത്. അതിനാലാണ് ഞങ്ങൾ വെളുത്ത നിറമുള്ളവരായത്.'

ആ യോഗത്തിൽ നമ്മുടെ മുൻ രാഷ്ട്രപതി എസ് രാധാകൃഷ്ണനും പങ്കെടുത്തിരുന്നു. അടുത്ത തവണ പ്രസംഗിച്ച അദ്ദേഹം തന്റെ പ്രസംഗം ഇങ്ങനെയാണ് തുടങ്ങിയത്, 'സുഹൃത്തുക്കളെ , ഒരിക്കൽ ഈശ്വരൻ റൊട്ടി തയാറാക്കാൻ തുടങ്ങി. അദ്ദേഹം ആദ്യം ചുട്ട റൊട്ടി നന്നായി വെന്തില്ല. അതിനാലാണ് ബ്രിട്ടീഷുകാർ വെളുത്ത നിറത്തിൽ പിറന്നത്. രണ്ടാമത്തെ തവണ റൊട്ടി വല്ലാതെ വെന്തു പോയി അതിനാലാണ് ആഫ്രിക്കൻ വംശജർ അത്ര കറുപ്പായി ജനിച്ചത്. ഇങ്ങനെ റൊട്ടി ചുട്ടു കിട്ടിയ പരിശീലനം മൂലം മൂന്നാമത്തെ റൊട്ടി അദ്ദേഹം നന്നായി പാകം ചെയ്തു. അത് കൂടുതൽ വെന്ത് കറുത്തും പോയില്ല, വേകാതെ വെളുത്തും പോയില്ല, അങ്ങനെ പാകമായി പിറന്നവരാണ് ഇന്ത്യക്കാർ.

ഈ മറുപടി കേട്ട് ആ ഇംഗ്ലീഷുകാരൻ നാണിച്ചു തല കുനിച്ചു.



പത്തു രൂപ വച്ച് മിച്ചം വയ്ക്കും' എന്ന് ഭാര്യ പറഞ്ഞു. വളരെ കരുതലോടെ പണം ചെലവഴിക്കുന്ന ഭാര്യയെ ശാസ്ത്രി പ്രശംസിച്ചു. അടുത്ത ദിവസം ഓഫീസിൽ പോയ ശാസ്ത്രി 'ഭാര്യ മുപ്പതു രൂപയ്ക്കു എല്ലാ ചെലവുകളും ഭംഗിയായി നടത്തുന്നു' എന്ന് അദ്ദേഹം ഖജാൻജിയോട് പറഞ്ഞു, 'അതിനാൽ അടുത്ത മാസം മുതൽ എനിക്ക് മുപ്പതു രൂപ മതി' എന്ന് അദ്ദേഹം പറഞ്ഞു.

ആ സംസ്കാരമാണ് അദ്ദേഹത്തെ പ്രധാനമന്ത്രി പദവിയിൽ വരെ എത്തിച്ചത്.

## വിശ്വാസം എന്ന അച്ചാണി

ലോകം മുഴുവൻ കീഴടക്കാൻ പുറപ്പെട്ട അലക്സാണ്ടർ ചക്രവർത്തിത്തിക്ക് ഒരിക്കൽ വലിയ രോഗം ബാധിച്ചു. അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ഗ്രീക്ക് പണ്ഡിതർക്ക് അദ്ദേഹത്തെ ചികിത്സിച്ചു ഭേദമാക്കാൻ കഴിഞ്ഞില്ല.

അദ്ദേഹംതന്റെശത്രുരാജ്യമായപേർഷ്യയിലാണ്ചികിത്സയിൽ കഴിഞ്ഞത്. പേർഷ്യൻ രാജാവിന്റെ ഡോക്ടർ വന്നു നോക്കിയാൽ അദ്ദേഹത്തെ സുഖപ്പെടുത്താൻ കഴിയും എന്ന് ഒപ്പമുള്ള ചിലർ പറഞ്ഞു. എന്നാൽ ശത്രു രാജ്യത്തിന്റെ വൈദ്യനെ എങ്ങനെ കൊണ്ടു വരാനാകും എന്നതിൽ സംശയമായി.അത് ഗൗനിക്കാതെ വൈദ്യനെ എത്തിക്കാൻ ചക്രവർത്തി കൽപിച്ചു.അലക്സാണ്ടറെ പരിശോധിച്ച വൈദ്യൻ രോഗം ഭേദപ്പെടുത്താനുള്ള മരുന്നുമായി രണ്ടു ദിവസങ്ങൾക്കുള്ളിൽ വരാമെന്ന് പറഞ്ഞുപോയി.

രണ്ടു നാളുകൾ കഴിഞ്ഞു. ആ വൈദ്യൻ മരുന്നിൽ വിഷം കലർത്തി കൊണ്ടുവരും എന്ന് ചാരത്തലവൻ മുന്നറിയിപ്പ് നൽകി. അത് കഴിക്കരുതെന്ന് ആവശ്യപ്പെട്ടു. അൽപ സമയം കഴിഞ്ഞ് വൈദ്യൻ വന്ന് മരുന്നു കൊടുത്തു. മരുന്ന് കഴിച്ച അലക്സാണ്ടർ തനിക്കു ലഭിച്ച വിവരം അദ്ദേഹവുമായി പങ്കിട്ടു.

അലക്സാണ്ടർ തന്നിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിൽ വൈദ്യൻ അത്ഭുതപ്പെട്ടു, 'മരുന്നിൽ വിഷം ഒന്നും ഇല്ല, മഹാരാജൻ,' വൈദ്യൻ പറഞ്ഞു. അലക്സാണ്ടർ ചിരിച്ചു കൊണ്ടു പറഞ്ഞു, 'വിശ്വാസം എന്ന അച്ചാണിയിലാനി ഈ ലോകം കറങ്ങുന്നത്. വൈദ്യൻ തൊഴിൽ മര്യാദ പാലിക്കും എന്നറിഞ്ഞു കൊണ്ടാണ് രാജാവ് നിങ്ങളെ നിയോഗിച്ചത് എന്ന് എനിക്ക് നല്ല വിശ്വാസമുണ്ട്. എന്റെ വിശ്വാസം വെറുതെയായില്ല.'

## ഭക്തിയോടെ നൽകി

ഔവ്വയാർ ചിത്രത്തിൽ അഭിനയിച്ച് അതിപ്രശസ്തയായ നടി കെ ബി സുന്ദരാംബാൾ ഒരു തവണ കാറിൽ യാത്ര ചെയ്യുകയായിരുന്നു. വഴിയിൽ റെയിൽവേ ഗേറ്റ് അടച്ചിരുന്നതിനാൽ അവരുടെ കാർ നിർത്തേണ്ടി വന്നു. കാറിൽ നിന്ന് ഇറങ്ങിയ അവർ വഴിയോരത്തെ കടയിൽ നിന്ന് പനംനുങ്ക് വാങ്ങി. കെ ബി സുന്ദരാംബാളെ കണ്ടതും കച്ചവടക്കാരൻ ഭക്തിയോടെ പണം വേണ്ട എന്ന് പറഞ്ഞു. കെ ബി എസ് ഏറെ നിർബന്ധിച്ചിട്ടും അയാൾ പണം വാങ്ങിയില്ല



ഗേറ്റ് തുറന്നു. അവർ തന്റെ സഞ്ചിയിൽ നിന്ന് അയാൾക്ക് വിഭൂതി എടുത്തു നൽകി, കച്ചവടക്കാരന്റെ അത്ഭുതം മാറി നിവർന്നു നോക്കുമ്പോഴേക്കും അവർ പൊയ്ക്കഴിഞ്ഞു. വിഭൂതിക്കൊപ്പം അവർ കാശും വച്ചിരുന്നു എന്നതാണ് അദ്ദേഹം അത്ഭുതപ്പെടാൻ കാരണം. •

RAMRAJ

# വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 8 ലക്കം 2

ഒക്ടോബർ 2025

ഓണററി എഡിറ്റർ

**കെ ആർ നാഗരാജൻ**

പത്രാധിപർ

**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ

**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ

**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ പ്രൈവറ്റ് ലിമിറ്റഡ്
A2 ഗ്രൗണ്ട് ഫ്ലോർ, നം.110 ട്രിനിറ്റി
കോംപ്ലക്സ്, 4th അവന്യൂ, അശോക്
നഗർ, ചെന്നൈ - 600 083
മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

# ആന്തരികമായ മൂല്യം

പേരും പ്രശസ്തിയും ആദരണീയതയും നേടാൻ അത്ര എളുപ്പമല്ല. തികഞ്ഞ ആർജവവും സാമൂഹിക പ്രതിബദ്ധതയും അറിവും സാധനയും ഉള്ളവർക്കെ അത് സാധ്യമാകൂ. ധനം ഇതിന് സഹായിക്കുമെങ്കിലും സമ്പത്തോ പദവിയോ അല്ല,കഴിവും അർപ്പണ ബോധവും മാനുഷികതയുമാണ് ഒരാളെ ആദരണീയനാക്കുന്നത്. അത് സമൂഹത്തിൽ ഏറ്റവും ഉന്നതരോ ദരിദ്രരരോ ആകാം. പക്ഷെ ചിന്തയിലും പ്രവർത്തിയിലും ഔന്നത്യം പാലിക്കുന്നവർ ആകണം അവർ . അവരുടെ പ്രവൃത്തി മറ്റുള്ളവർക്ക് ഉതകുന്നതാകണം.അത് അവരെ പ്രചോദിപ്പിക്കുന്നതാകണം.

വ്യക്തിപരമായുള്ള ഔന്നത്യമാണ് നിങ്ങളെ ആദരണീയനാക്കുന്നതിലെ പ്രധാന ഘടകം. സ്വതന്ത്രവും വ്യക്തവും ധീരവുമായ വ്യക്തിത്വത്തിന് ഉടമയാകണം നിങ്ങൾ. നിങ്ങളുടെ പ്രവർത്തനത്തെ നയിക്കുന്നത് ആർജവമായിരിക്കണം. മറ്റുള്ളവരുടെ ജീവിതത്തിൽ കരുതലും അനുകമ്പയും ഉള്ളവരായിരിക്കണം നിങ്ങൾ. അതു പോലെ തന്നെ നിങ്ങൾ സ്വയം മികച്ച ജീവിതം നയിക്കണം. നിങ്ങളുടെ കഴിവും അർപ്പണബോധവും പ്രവർത്തിയുമാണ് നിങ്ങളെ അടയാളപ്പെടുത്തുക.

ഇങ്ങനെ നടപ്പിലും പ്രവർത്തിയിലും ഔന്നത്യമുള്ളവർ തങ്ങളുടെ പ്രവർത്തി മറ്റുള്ളവർക്ക് കൂടി ഹിതകരമാക്കി മാറ്റുന്നു. ഇതേ സവിശേഷത സമൂഹത്തോടുള്ള അവരുടെ പ്രതിബദ്ധതയിലും ഉണ്ടാകും. തങ്ങളെ ലോകത്തിന്റെ നടുവിൽ പ്രതിഷ്ഠിക്കാതെ മറ്റുള്ളവർക്ക് വേണ്ടി സ്വജീവിതം അർപ്പിക്കാൻ അവർക്കു കഴിയണം. ചെറുതായാലും വലുതായാലും അവരുടെ പ്രവൃത്തി സമൂഹ നന്മയെ ലാക്കാക്കിയായിരിക്കും. അവരുടെ പ്രവർത്തനം സ്നേഹവും സന്തോഷവും പ്രസരിപ്പിക്കും.

ആദരണീയർ ആയി മാറണമെങ്കിൽ നിങ്ങൾ വലിയ പ്രവർത്തിയോ ജോലിയോ ചെയ്യുന്നവർ ആകണമെന്നില്ല. നിങ്ങളുടെ ലോകത്തിൽ നിങ്ങൾക്ക് ആവുന്നത് ചെയ്യുക എന്നതാണ് പ്രധാനം. നിങ്ങളാണ് ആദീപം.ആരുടെയുംകൈയടിനേടാനോമറ്റുള്ളവരുടെ പ്രശംസ സമ്പാദിക്കാനോ അല്ലാതെ തിരികെ എല്ലാം ലഭിക്കുമെന്ന കണക്കുകൂട്ടൽ ഇല്ലാതെ നാം ചെയ്യുന്ന ഓരോ സദ്കൃത്യങ്ങളും നമ്മെ ആദരണീയരാക്കും. ●


RAMRAJ
SHIRTINGS & SUITINGS
COTTON • LINEN • TRADITIONAL
Not Just Fabric.
Quality You Can Feel.
Culture You Can Wear.
Fabrics from Ramraj Cotton are woven for those who carry their heritage with quiet strength in every thread, every fold, every step. Because legacy isn't just remembered. It's worn.
STORE LOCATION
Shop Online at
www.ramrajcotton.in
Available at Ramraj Showrooms and All Leading Textile Shops


RAMRAJ
mrithu®
TOWELS
Pure Comfort.
Woven from nature's finest,
100% pure cotton and bamboo,
Mrithu Towels are crafted for
quick absorption, a gentle touch,
and effortless elegance
Made for everyday moments
that deserve a little more.
STORE LOCATION
Shop Online at
www.ramrajcotton.in
BAMBOO TOWELS
SIGNATURE TOWELS
TERRY TOWELS
STRIPED & CHECKERED
TOWELS
SUPER SOFT & SUPER ABSORBENT
Available at Ramraj Showrooms and All Leading Textile Shops




Available at Ramraj Showrooms and All Leading Textile Shops


RAMRAJ
LITTLE STARS
KIDS DHOTIS • SHIRTS
SCAN QR CODE FOR
STORE LOCATION
Available at Ramraj Showrooms and All Leading Textile Shops

നിങ്ങളുടെ വീട്ടിൽ
വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
**രാംരാജ് വി ടവർ.**
**10, ചെങ്കുന്തപുരം, മംഗലം റോഡ്,**
**തിരുപ്പൂർ-641 604**
**email: venmaii@ramrajcotton.net**

**സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.**
**ഫോൺ:**
**0421-4304106, 98422 74137**

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയുംവെണ്മയുടെബാങ്ക്അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്**
**ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**

# നല്ല മനുഷ്യരാക്കി മാറ്റുന്ന ശീലങ്ങൾ

ഒരു ഗ്രാമത്തിൽ ചെറിയ ഒരു കട ഉണ്ടായിരുന്നു. ഗ്രാമീണരുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുന്ന ഒരേയൊരു കടയുമായിരുന്നു അത്. കടയുടമ നല്ല മനുഷ്യൻ. എല്ലാ ഗ്രാമീണരെയും തന്റെ ബന്ധുക്കളെപ്പോലെ കരുതി സ്നേഹിക്കും. ആരെങ്കിലും കടത്തിന് സാധനങ്ങൾ ചോദിച്ചാലും നൽകും. പണം കിട്ടുമ്പോൾ അവർ തിരികെ നൽകും.

അദ്ദേഹം ഉച്ചയ്ക്ക് ഭക്ഷണത്തിന് വീട്ടിൽ പോകും.ഗ്രാമത്തിലെഒരേയൊരുകടആയതിനാൽ ഏത് സമയത്തും ആരെങ്കിലും വരും. അതു കൊണ്ട് ഉച്ചയ്ക്ക് കട അടയ്ക്കാറില്ല. ആരെങ്കിലും ആ സമയത്ത് കടയിൽ എത്തിയാൽ, 'കട അൽപ നേരം നോക്കണേ' എന്ന് പറഞ്ഞ് വീട്ടിൽ പോയി ഭക്ഷണം കഴിച്ച് വരും. ഏത് വസ്തുവിന് എന്ത് വിലയാണെന്ന് എല്ലാവർക്കും അറിയാം എന്നതിനാൽ, ആ സമയത്ത് കടയിൽ ഇരിക്കുന്ന വ്യക്തി താൽക്കാലികമായി മുതലാളിയാകും.

ഒരു ദിവസം ഒരു മോഷ്ടാവ് മോഷണ ഉദ്ദേശ്യത്തോടെ കടയിൽ എത്തി. അത് ഉച്ചസമയം. കടയുടമ അവനോട്, 'എനിക്ക് ഒരു സഹായം ചെയ്യണം. അൽപ നേരം കട നോക്കണം. ഞാൻ വീട്ടിൽ പോയി ഭക്ഷണം കഴിച്ചു വരാം' എന്ന് കട ഏൽപിച്ചു പോയി. മോഷ്ടാവ് അന്തംവിട്ടു.

ആ സമയത്ത് വന്ന ചിലർക്ക് പണം വാങ്ങി അവർ ആവശ്യപ്പെട്ട സാധനങ്ങൾ നൽകി. കടയിൽ പണപ്പെട്ടി തുറന്നു തന്നെ ഇരിക്കുന്നു. അതിൽ നിറയെ പണവും ഉണ്ട്. ആ മോഷ്ടാവിന്റെ മോഷ്ടാവായ മറ്റൊരു സുഹൃത്ത് അവിടെ എത്തി. 'സുഹൃത്തേ, മോഷണത്തിന് ഇതിലും നല്ല അവസരം ഇല്ല. കടയിലേക്ക് ആരും ഇപ്പോൾ വരില്ല. പൈസയും വസ്തുക്കളും എടുത്ത്



സ്ഥലം വിടാം' എന്ന് ഉത്സാഹപ്പെടുത്തിയെങ്കിലും ആ മോഷ്ടാവ് നിരസിച്ചു. 'എന്നെ വിശ്വസിച്ച് കട ഏൽപിച്ച കടയുടമയ്ക്ക് ദ്രോഹം ചെയ്യില്ല' എന്ന് ഉറപ്പിച്ചു പറഞ്ഞു.

അൽപം സമയം കഴിഞ്ഞ് കടയുടമ എത്തി അവന് നന്ദി പറഞ്ഞ് കടയ്ക്കുള്ളിലേക്ക് പോയി. മോഷ്ടാവ് അദ്ദേഹത്തോട് 'എല്ലാ വസ്തുക്കളും ശരിയാണോ എന്ന് നോക്കൂ' എന്ന് പറഞ്ഞു. കടയുടമ നിരസിച്ചു കൊണ്ട്, 'അങ്ങനെ പറയരുത്. നിങ്ങളോടുള്ള വിശ്വാസത്തിലാണ് കട ഏൽപിച്ചു പോയത്. പണമോ വസ്തുക്കളോ കൃത്യമാണോ എന്ന് നോക്കേണ്ട ആവശ്യമില്ല. അത് നിങ്ങളെ വേദനിപ്പിക്കും. ഞാൻ അത് ചെയ്യില്ല' എന്ന് പറഞ്ഞു.

മോഷ്ടാവ് കണ്ണീരോട് കടയുടമയുടെ കൈകൾ ചേർത്തു പിടിച്ചു. 'എന്നോട് ക്ഷമിക്കണം. ഞാൻ ഒരു മോഷ്ടാവാണ്. എന്റെ സുഹൃത്തും ഞാനും നിങ്ങളുടെ കടയിൽ മോഷണത്തിനാണ് വന്നത്. പക്ഷേ താങ്കൾ എന്നിൽ അർപ്പിച്ച വിശ്വാസം കൊണ്ട് എന്റെ സ്വാഭാവികമായ മോഷണ ശീലം മറന്നു. ഇനി ഒരിക്കലും മോഷ്ടിക്കില്ല. സത്യസന്ധതയോടെ ജീവിക്കും' എന്ന് ശപഥം ചെയ്തു.

മേന്മയുള്ള ഒരു മനുഷ്യനോട് ഇടപഴകിയത് ഒരു മോഷ്ടാവാനിപ്പോലും മാനസാന്തരപ്പെടുത്തിയെങ്കിൽ, സാധാരണ മനുഷ്യർ കൂടുതൽ നിർമ്മലരാകും. ഒരാൾക്കുള്ള സുഹൃത്തുക്കൾക്ക് അനുസൃതമായി ആ വ്യക്തിയുടെ പ്രകൃതം മാറും. മേന്മയുള്ളവരോട് ചേരുമ്പോൾ, മനസ്സ് നിർമ്മലവും പ്രവർത്തികൾ സത്യസന്ധവും ആകും. ജീവിതകാലം മുഴുവൻ നല്ലവരോടൊപ്പം കൈകോർത്തിരിക്കുന്നത് ഭാഗ്യം.

നിങ്ങളെ മേന്മയുള്ളവരാക്കി മാറ്റുന്ന മറ്റു ചില ശീലങ്ങൾ:

● മറ്റുള്ളവരെ അഭിനന്ദിക്കുന്നത് നല്ല ശീലമാണെങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ അഭിനന്ദിക്കുന്നത് കൂടുതൽ നല്ല ശീലം. ഒരു കഠിനമായ ജോലി പൂർത്തീകരിച്ചാൽ, ഒരു സുഹൃത്തിന് സഹായം ചെയ്താൽ, ഒരു പുതിയ വസ്ത്രം ധരിച്ചാൽ... ഇങ്ങനെ എന്തു ചെയ്താലും നിങ്ങൾ നിങ്ങളെത്തന്നെ അഭിനന്ദിക്കണം. അഭിനന്ദനങ്ങൾ നിങ്ങളെ കൂടുതൽ ചെയ്യാൻ പ്രേരിപ്പിക്കും.

● നിങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും മറ്റുള്ളവരുടെമേൽപഴിചാരരുത്. മറ്റുള്ളവരെകുറ്റം പറഞ്ഞ് രക്ഷപ്പെടാൻ എളുപ്പമാണ്. പക്ഷേ നിങ്ങൾ അങ്ങനെയാകരുത്. നിങ്ങളുടെ പ്രവർത്തികൾക്ക് നിങ്ങൾ തന്നെ ഉത്തരവാദിത്തമേൽക്കണം. അപ്പോൾ അടുത്ത തവണ അത്തരത്തിൽ ഒരു പ്രശ്നം വരാതെ നിങ്ങൾക്ക് തടുക്കാൻ കഴിയും.

● നിങ്ങളുടെ വലയത്തിലുള്ളവർ പറയുന്നത് കേൾക്കണം. നിങ്ങളുടെ നന്മയ്ക്കായി അവർ പറയുന്നതും നിങ്ങളുടെ പ്രവർത്തികളെപ്പറ്റി അവർ പറയുന്ന സത്യസന്ധമായ വിമർശനങ്ങളുമെല്ലാം നിങ്ങളെ നല്ല മനുഷ്യനാക്കി വാർത്തെടുക്കും. നിങ്ങളുടെ മുന്നേറ്റത്തിനായി അവർ പറയുന്ന അഭിപ്രായങ്ങൾ തീർച്ചയായും പിന്തുടരണം. അതേ പോലെ അവർക്കും ആശയങ്ങൾ നൽകണം.

● എന്തും പോസിറ്റീവ് ആയി കാണുന്ന മനോഭാവം വളർത്തണം. എന്തെങ്കിലും ഒന്ന് കൈവിട്ട് പോകുമ്പോൾ, 'അയ്യോ, ഇങ്ങനെ സംഭവിച്ചല്ലോ' എന്ന് വിലപിക്കുന്നവർ മുന്നേറില്ല. 'ഇതിനേക്കാൾ മികച്ച ഒന്ന് നൽകാൻ വേണ്ടി കാലം ഇത് നമ്മുടെ പക്കൽ നിന്ന് എടുത്തിരിക്കുന്നു' എന്നതാണ് പോസിറ്റീവ് ആയ ചിന്ത.

● ദിവസവും നിങ്ങളുടെ ശാരീരിക സൗഖ്യത്തിനും മാനസിക സൗഖ്യത്തിനും നേരം മാറ്റിവച്ച് എന്തെങ്കിലും ചെയ്യണം. പ്രഭാതത്തിലെ നടത്തം, നല്ല സംഗീതം കേൾക്കൽ, നിങ്ങൾ പ്രവർത്തിക്കുന്ന മേഖലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കൽ, പുതിയ കോഴ്സുകളിൽ ഒന്നിൽ ചേരൽ എന്നിങ്ങനെ എല്ലാം പിന്തുടരണം. ആരോഗ്യകരമായ ഭക്ഷണം കഴിക്കണം. ഉത്സാഹഭരിതരായ മനുഷ്യരോട് സംസാരിച്ച് മനസ്സ് സന്തോഷകരമാക്കണം.

● ആരെ കണ്ടുമുട്ടിയാലും, കണ്ണുകളിൽ നോക്കി സന്തോഷത്തോടെ സംസാരിക്കണം. പരിചയമില്ലാത്ത മനുഷ്യരോടും ആദരവോടെ സംസാരിക്കാൻ കഴിയുന്നത് നല്ല ഗുണം. നിങ്ങളുടെ സംസാരം കൊണ്ട് ആരെങ്കിലും ഒരാൾക്ക് സന്തോഷവും ഉത്സാഹവും നൽകാൻ കഴിഞ്ഞാൽ, അതിനേക്കാൾ മികച്ച കാര്യം മറ്റൊന്നില്ല. ●



# തിരിച്ചു ലഭിക്കും

ഹൈവേ അരികിൽ ഒരു വിലക്കൂടിയ കാർ കേടായി നിൽക്കുന്നു. പ്രശ്നം എന്താണെന്ന് അറിയാതെ ആശങ്കപ്പെട്ട് നിൽക്കുന്ന ഒരു മധ്യവയസ്ക. ഒറ്റയ്ക്ക് അടുത്ത നഗരത്തിലേക്ക് കാർ എടുത്ത് പോയപ്പോൾ ഇങ്ങനെ ഒരു പ്രശ്നം പ്രതീക്ഷിച്ചില്ല. രാത്രിയായിക്കൊണ്ടിരിക്കുന്നതിനാൽ, ഭയവും കൂടി വന്നു.

അതിനാൽ, ഹൈവേയിൽ പോകുന്നവരോട് സഹായം ചോദിച്ചു കൊണ്ടിരുന്നു. ആരും നിന്ന് തിരക്കാൻ പോലും തയാറായില്ല. അപ്പോൾ ആ വഴിയിൽപഴയബൈക്കിൽവന്നഒരാൾനിന്ന്,'എന്തു പറ്റി?' എന്ന് ചോദിച്ചു. ഒരു ക്രൂരന്റെ രൂപഭാവമുള്ള അയാളെ കണ്ടതും ആ സ്ത്രീയുടെ ഭയം ഇരട്ടിച്ചു. ഹൈവേ കൊള്ളക്കാരനായിരിക്കുമോ എന്ന് ചിന്തിച്ച്, 'ഒന്നുമില്ല, നിങ്ങൾ പൊയ്ക്കോളൂ' എന്ന് പറഞ്ഞ് ഒഴിവാക്കാൻ നോക്കി.

ആ മനുഷ്യൻ അനുകമ്പയുടെ സ്വരത്തിൽ, 'ഞാൻ നിങ്ങൾക്ക് സഹായം ചെയ്യാനാണ് വന്നിരിക്കുന്നത്. അടുത്തെങ്ങും വർക് ഷോപ്പ് ഇല്ല. നിങ്ങൾ ചൂടും പൊടിയുമേറ്റ് പുറത്തു നിൽക്കുകയല്ലേ? കാറിൽ ഇരിക്കൂ' എന്ന് പറഞ്ഞ്, കാർ ഡിക്കിയിൽ നിന്ന് ടൂളുകൾ എടുത്ത് കാറിന്റെ ബോണറ്റ് തുറന്ന് നോക്കി പരിശോധിച്ച ശേഷം അയാൾ കാറിന്റെ അടിയിലേക്ക് നുഴഞ്ഞ് എന്തോ അറ്റകുറ്റപ്പണികൾ ചെയ്തു.

'ഇപ്പോൾ സ്റ്റാർട്ടാക്കി നോക്കൂ' എന്ന് പറഞ്ഞു അദ്ദേഹം. കാർ സ്റ്റാർട്ടായി. ആ മനുഷ്യന്റെ ശരീരമെല്ലാം അഴുക്കായിരിക്കുന്നു. കാറിൽ നിന്ന് ഇറങ്ങിയ സ്ത്രീ, 'നിങ്ങൾക്ക് എത്രയാ പണം വേണ്ടത്?' എന്ന് ചോദിച്ചു. ആ മനുഷ്യൻ ചിരിച്ചു കൊണ്ട്, 'വേണ്ട, സഹായം ചെയ്തിട്ട് അതിന് പണം വാങ്ങുന്നത് തെറ്റ്. നിങ്ങൾ ഒന്നു ചെയ്യൂ. എന്റെ പേര് കണ്ണൻ. സഹായം ആവശ്യമുള്ള ആരെയെങ്കിലും കണ്ടാൽ, അപ്പോൾ എനിക്ക് നൽകാൻ തീരുമാനിച്ച തുക അവർക്ക് നൽകിയ ശേഷം എന്നെ മനസ്സിൽ ചിന്തിച്ചാൽ മതി' എന്ന് പറഞ്ഞ് അദ്ദേഹം പോയി.

ആ സ്ത്രീ അദ്ദേഹത്തെ ആശ്ചര്യത്തോടെ നോക്കിയ ശേഷം കാർ എടുത്തു. വിശപ്പ് ഉണ്ടായിരുന്നതിനാൽ, ചില കിലോ മീറ്റർ ദൂരം പോയതും ഒരു ചെറിയ ഹോട്ടലിൽ കാർ നിർത്തി ഒരു ചൂട് വടയും ചായയും കഴിച്ചു. ഒരു സാധാരണ വീടിനോട് ചേർന്നിരുന്ന ഒരു ചെറിയ ഹോട്ടൽ. ഒരു ഗർഭിണി ഒറ്റയ്ക്ക് നടത്തുന്ന കടയാണെന്ന് ആ സ്ത്രീക്ക് മനസ്സിലായി. നിറവയറാണെങ്കിലും പുഞ്ചിരിയോടെ വരവേറ്റ് ഉപചരിച്ചു. വൃത്തിയും രുചിയും ഉണ്ടായിരുന്നു. ആ ഗർഭിണിയുടെ ആകാരവും വസ്ത്രവും ദാരിദ്ര്യം വിളിച്ചു പറയുന്നുണ്ടായിരുന്നു. കടയിൽ പതിവായി വരുന്ന മറ്റൊരാളോട് സംസാരിക്കുന്നത് കേട്ടപ്പോൾ, അടുത്ത മാസം പ്രസവത്തിന് ആശുപത്രിയിൽ പോകാൻ ആ ഗർഭിണിയുടെ പക്കൽ പണം ഇല്ലെന്ന് മനസ്സിലായി.

കാറിൽ വന്ന സ്ത്രീ തനിക്ക് സഹായം ചെയ്ത കണ്ണനെ ഓർത്തു. തന്റെ പഴ്സിൽ നിന്ന് 25000 രൂപ എടുത്തു. താൻ പണം നൽകിയാൽ ഈ ഗർഭിണി



വാങ്ങുമോ എന്ന് മടിച്ചു. വട വച്ച തട്ടിനും ചായ ഗ്ലാസിനും ഇടയിൽ അത് മറച്ചു വച്ച് 'കാശ് ഇവിടെ വച്ചിട്ടുണ്ടേ' എന്ന് പറഞ്ഞ ശേഷം വേഗത്തിൽ കാർ എടുത്ത് പുറപ്പെട്ടു. ഗർഭിണി കുറച്ചു സമയം കഴിഞ്ഞ് വന്ന് മേശയിൽ നോക്കിയപ്പോൾ അമ്പരന്നു പോയി. അൽപ നേരം കഴിഞ്ഞ് തന്റെ പഴയ ബൈക്കിൽ വീട്ടിൽ തിരിച്ചെത്തിയ ഭർത്താവിനോട് ഇത് പറഞ്ഞു. 'ഭർത്താവിനും അമ്പരപ്പ്. അതെ, ആ സ്ത്രീക്ക് സഹായം ചെയ്ത കണ്ണൻ തന്നെയാണ് ഗർഭിണിയുടെ ഭർത്താവ്.

ഇത് യഥാർത്ഥ സംഭവം. ഇതേ പോലെ മറ്റൊരു സംഭവം. ഓഫീസിൽ വൈകിയതിനാൽ ഒരാൾ ബൈക്കിൽ അതിവേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. സിഗ്നലിൽ ചുവപ്പ് കണ്ടാൽ നിൽക്കണം. പക്ഷേ, തിരക്കിൽ അത് മറികടക്കാൻ ശ്രമിച്ചു. എന്നാൽ, മുന്നിൽ പൊയ്ക്കൊണ്ടിരുന്ന കാർ സിഗ്നൽ കണ്ട് നിർത്തി. ഇദ്ദേഹത്തിന്റെ ബൈക്ക് ആ കാറിൽ ഇടിച്ചു. അങ്ങനെ ബൈക്കിന്റെ ഇൻഡിക്കേറ്റർ രണ്ടും ഉടഞ്ഞു.തെറ്റ്അയാളുടെഭാഗത്താണെങ്കിലും,കാർ ഓടിച്ചിരുന്ന പ്രായമേറിയ വ്യക്തിയോട് മോശം വാക്കുകളിൽകയർത്തു.അരികിലുണ്ടായിരുന്നവർ സമാധാനപ്പെടുത്തി. ആ സമയത്ത് ഒരാൾ ലിഫ്റ്റ് ചോദിച്ചു. 'പരിചയമില്ലാത്തവരെ വണ്ടിയിൽ കയറ്റില്ല' എന്ന് ദേഷ്യത്തോടെ പറഞ്ഞു. ഒരാൾ വന്ന് ഭിക്ഷ ചോദിച്ചപ്പോൾ, 'കൈകാലുകൾക്ക് കുഴപ്പമൊന്നുമില്ലല്ലോ. അധ്വാനിച്ച് പണം ഉണ്ടാക്കൂ' എന്ന് ഉപദേശിച്ച് വിട്ടു.

അതേ ദേഷ്യത്തോടെ ജോലിക്ക് പോയി, ദിവസം മുഴുവനും ടെൻഷനോടെ ജോലി ചെയ്തു. വൈകുന്നേരം വീട്ടിലേക്ക് മടങ്ങുമ്പോൾ, എന്തോ ചിന്തയിലായിരുന്ന അയാൾ സിഗ്നൽ ശ്രദ്ധിക്കാതെ ബൈക്ക് ഓടിക്കുകയും കുറുകേ വന്ന വെള്ളം ലോറി ബൈക്കിൽ തട്ടുകയും ബൈക്കിന്റെ നിയന്ത്രണം നഷ്ടപ്പെട്ട് ഒരു പോസ്റ്റിൽ ഇടിച്ച് ബൈക്കും അയാളും താഴെ വീഴുകയും ചെയ്തു.

പലരും കൂടി നിന്ന് കാഴ്ച കണ്ടപ്പോൾ, ഒരാൾ ഓടിവന്ന് അയാളുടെ മുഖത്ത് വെള്ളം തളിച്ച്, കുടിക്കാൻ വെള്ളം നൽകി. അത് മറ്റാരുമല്ലായിരുന്നു. ഭിക്ഷ യാചിച്ച അതേ ഭിക്ഷക്കാരനായിരുന്നു. കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരാൾ അയാളെ ഓട്ടോയിൽ എടുത്തിരുത്തി ആശുപത്രിയിൽ കൊണ്ടുപോയി. അത് മറ്റാരുമല്ലായിരുന്നു. രാവിലെ അയാളോട് ബൈക്കിൽ ലിഫ്റ്റ് ചോദിച്ച ആളായിരുന്നു. ആശുപത്രിയിൽ എത്തിയതും ഒരു ഡോക്ടർ വന്ന് അയാൾക്ക് സൗജന്യമായി ചികിത്സ നൽകി. ആ ഡോക്ടർ മറ്റാരുമല്ലായിരുന്നു. ബൈക്ക് കാറിൽ ഇടിച്ച് ഒരു പ്രായമേറിയ വ്യക്തിയോട് വഴക്കിട്ടില്ലേ, ആ വൃദ്ധൻ തന്നെ ആയിരുന്നു.

നാം സഹായം ചെയ്തില്ലെങ്കിലും നമുക്ക് സഹായം ലഭിക്കും. പക്ഷേ, ജീവിതത്തിൽ എല്ലാവരോടും ആദരവ് കാണിക്കണം, പരിചയമില്ലാത്തവർക്കും സഹായം ചെയ്യണം, ആരെയും ചെറുതായി കാണരുത് എന്നീ പാഠങ്ങൾ അന്ന് ആ ബൈക്ക് ഓടിച്ചിരുന്ന മനുഷ്യൻ പഠിച്ചു.





# സൗമ്യതയുടെ ന്യായാധിപൻ

● ചുവപ്പ് സിഗ്നൽ ശ്രദ്ധിക്കാതെ കാർ ഓടിച്ചതിന് ഒരാൾക്ക് 85 ഡോളർ പിഴയിട്ടു. കോടതിയിൽ എത്തിയ അദ്ദേഹം, 'പിഴ നൽകാൻ കഴിയില്ല' എന്ന് ജഡ്ജിയോട് പറയുന്നു. ജഡ്ജി കാരണം ചോദിച്ചപ്പോൾ, 'എന്റെ കൈയിൽ പണമില്ല. വണ്ടിക്ക് പെട്രോൾ അടിക്കാൻ കഴിയാതെ നടന്നാണ് കോടതിയിൽ എത്തിയത്. എനിക്ക് ജോലിയില്ല. അന്ന് തിടുക്കത്തിൽ ഒരു ജോലിക്കുള്ള ഇന്റർവ്യൂവിന് പോയപ്പോഴാണ് ടെൻഷനിൽ സിഗ്നൽ ശ്രദ്ധിക്കാതെ കടന്നത്' എന്ന് പറയുന്നു. ജഡ്ജി അദ്ദേഹത്തിന് മാപ്പ് നൽകി പിഴ റദ്ദാക്കി. 'താങ്കളുടെ ജീവിതം എത്രയും പെട്ടെന്ന് ശരിയാകാൻ പ്രാർത്ഥിക്കാം' എന്ന് പറയുന്നു. അദ്ദേഹവും നന്ദി പറഞ്ഞ് പിരിയുന്നു.

ആ ജഡ്ജിയെക്കുറിച്ച് 'ഇദ്ദേഹത്തിന് കാർക്കശ്യമില്ല. അളവിലും അധികം വളഞ്ഞു കൊടുക്കുന്നു' എന്ന വിമർശനം ഉണ്ട്. പക്ഷേ അദ്ദേഹമാകട്ടെ, 'ഈ തെറ്റ് ചെയ്ത മനുഷ്യന് ഞാൻ മാപ്പ് കൊടുക്കുന്നു. അദ്ദേഹത്തിന്റെ പക്കൽ പണം ഉണ്ടോ? അദ്ദേഹത്തിന് ജോലി ഉണ്ടോ? അദ്ദേഹം അന്ന് ഇന്റർവ്യൂവിനാണോ അതിവേഗം പോയത്? ഇവയൊന്നും എനിക്കറിയില്ല. പക്ഷേ, അദ്ദേഹം പറയുന്നത് എല്ലാം സത്യം ആണെന്ന് വിശ്വസിക്കുന്നു. ആ വിശ്വാസമാണ് ഞാൻ അദ്ദേഹത്തിന് നൽകുന്ന ഏറ്റവും മികച്ച സാന്ത്വനം. മനുഷ്യർ അതിന് അർഹരാണ്' എന്ന് പറയുന്നു.

● വിദേശത്തു നിന്ന് പഠിക്കാൻ എത്തി ഒരു വിദ്യാർത്ഥിനി. അമേരിക്കയിൽ കാർ ഉണ്ടെങ്കിലേ പുറത്തെവിടെയും പോകാൻ കഴിയൂ. അതിനാൽ, ആ വിദ്യാർത്ഥിനി കാർ വാങ്ങി. ആ കാർ പകൽ സമയത്ത് നോ പാർക്കിങ് ഏരിയയിൽ നിർത്തിയതിന് അവൾക്ക് പിഴ ചുമത്തി. 'രാത്രിയിൽ മാത്രം കാർ പാർക്ക് ചെയ്യാനാണ് ഫീസ് നൽകി അനുമതി വാങ്ങിയത്. പകൽ പാർക്കിങ് അനുമതി വാങ്ങാനുള്ളത്ര പണം എന്റെ പക്കൽ ഇല്ല. ഞാൻ പകുതി നേരം ജോലി ചെയ്ത് പഠിക്കുകയാണ്. ജോലി ചെയ്യുന്ന സ്ഥലത്തിന് അരികിൽ എനിക്ക് പാർക്കിങ് സൗകര്യം ഉണ്ട്. പക്ഷേ അതിനരികിൽ മദ്യ ഷോപ്പ് ഉണ്ട്. അവിടെ എത്തുന്നവർ എന്റെ കാറിന്റെ കണ്ണാടി ഉടച്ചു കളഞ്ഞു. അതിനാൽ മറ്റു മാർഗമില്ലാതെയാണ് ഇങ്ങനെ നോ പാർക്കിങ് ഏരിയയിൽ നിർത്തുന്നത്' എന്ന് പറഞ്ഞു ആ വിദ്യാർത്ഥിനി. 'കാർ കണ്ണാടി മാറ്റാൻ തന്നെ നിങ്ങൾക്ക് ധാരാളം ചെലവാകുമല്ലോ' എന്ന് ആശങ്കപ്പെട്ട് പിഴ റദ്ദ് ചെയ്തു ജഡ്ജി.

● സ്കൂൾ സോണിൽ അനുവദിക്കപ്പെട്ട







വേഗത്തേക്കാൾ അധിക വേഗത്തിൽ മൂന്ന് തവണ കാർ ഓടിച്ചു പോയതായി ഒരു സ്ത്രീക്ക് പിഴ ചുമത്തി. കോടതിയിൽ എത്തിയ അവർ, 'ഞാൻ പല ദിവസങ്ങളിലും ഇത്തരത്തിൽ വേഗത്തിലാണ് പോകുന്നത്. മൂന്ന് തവണയാണ് പൊലീസ് കണ്ടുപിടിച്ച് പിഴ ചുമത്തിയത്' എന്ന് പറയുന്നു. ജഡ്ജി ആശ്ചര്യപ്പെട്ട് കാരണം ചോദിക്കുന്നു. 'എനിക്ക് മൂന്ന് കുട്ടികൾ. ഭർത്താവ് എന്നോടൊപ്പം ഇല്ല. ഒറ്റയ്ക്ക് കുട്ടികളെ വളർത്തുന്നു. മൂത്ത മകൻ പകുതി സമയം ജോലി ചെയ്ത് പഠിക്കുന്നു. ഞാൻ ഒരു ആശുപത്രിയിൽ നൈറ്റ് ഡ്യൂട്ടി ചെയ്യുന്നു. ജോലി കഴിഞ്ഞ് രാവിലെ വീട്ടിലെത്തി, ധൃതിപ്പെട്ട് രണ്ട് മക്കളെയും സ്കൂളിൽ കൊണ്ടാക്കേണ്ടതുണ്ട്. അതിനാലാണ് ഇത്തരത്തിൽ വേഗത്തിൽ പോകേണ്ടി വരുന്നത്' എന്ന് പറയുന്നു ആ സ്ത്രീ.

ഈ കുറ്റം ജഡ്ജിക്ക് റദ്ദാക്കാൻ കഴിയില്ല. ആ കോടതിക്ക് ധാരാളം പേർ സംഭാവന അയക്കുന്ന പതിവുണ്ട്. 'ഭർത്താവിന്റെ സഹായമില്ലാതെ ഒറ്റയ്ക്ക് കുടുംബം നോക്കുന്ന അമ്മമാർ ആർക്കെങ്കിലും ഉപയോഗപ്പെടുത്തൂ' എന്ന് പറഞ്ഞ് മൂന്നു പേർ സംഭാവന അയച്ചിട്ടുണ്ടായിരുന്നു. അതെടുത്ത് ഈ പിഴ അടച്ചു ജഡ്ജി.

- ഇവയൊന്നും സിനിമാ രംഗങ്ങൾ അല്ല. യഥാർത്ഥത്തിൽ കോടതിയിൽ നടന്ന സംഭവങ്ങൾ.

ഈ ജഡ്ജിയുടെ പേര് ഫ്രാങ്ക് കാപ്രിയോ. അമേരിക്കയിലെ റോഡ് ഐലൻഡ് പ്രവിശ്യയിലെ പ്രോവിഡൻസ് മുനിസിപ്പാലിറ്റി ജഡ്ജി ആയിരുന്നു അദ്ദേഹം. ഒരു ചെറിയ കോടതിയിലെ ഒരു ജഡ്ജിയുടെ പേര് ആ നാട്ടിനപ്പുറം മറ്റാർക്കും പൊതുവിൽ അറിയാൻ കഴിയില്ല. എന്നാൽ, 'ലോകത്തിലെ ഏറ്റവും കരുണാമയനായ നീതിപതി' എന്ന പേരിന് ഉടമയാണ് കാപ്രിയോ.

ഏകദേശം 40 വർഷം ജഡ്ജിയായിരുന്ന കാപ്രിയോ രണ്ട് വർഷങ്ങൾക്കു മുമ്പ് വിരമിക്കുകയും 88-ആം വയസ്സിൽ അടുത്തിടെ മരണമടയുകയും ചെയ്തു.

സാമൂഹിക മാധ്യമങ്ങളിൽ പതിവായി റിലീസ് ചെയ്യുന്ന അദ്ദേഹത്തിന്റെ വിചാരണ രംഗങ്ങൾ ലോകം മുഴുവനും ഏകദേശം 100 കോടി ജനങ്ങൾ കണ്ടിട്ടുണ്ട്. കോടതിയിൽ എത്തുന്നവരെ ബഹുമാനത്തോടെയും ദയയോടെയും കണ്ട്, അവരോട് സഹജീവി സ്നേഹം കാണിക്കുന്നതാണ് അദ്ദേഹത്തിന്റെ ശീലം. 'ജനങ്ങൾ മറ്റ് മാർഗമില്ലാത്ത ഒരു ചുറ്റുപാടിലാണ് കോടതിയിൽ എത്തുന്നത്. അവർക്ക് പോസിറ്റീവ് ആയ അനുഭവങ്ങൾ നൽകണം' എന്നു പറയുന്നു അദ്ദേഹം.

ഇറ്റലിയിൽ നിന്ന് അമേരിക്കയിൽ കുടിയേറിയ ഒരു ദരിദ്ര കുടുംബത്തിലാണ് കാപ്രിയോ ജനിച്ചത്. അദ്ദേഹത്തിന്റെ അച്ഛൻ ആ നാട്ടിലെ പാൽ വിതരണക്കാരനായിരുന്നു. ആരെങ്കിലും രണ്ട് ആഴ്ചയിലേറെ പണം നൽകാതിരുന്നാൽ അവർക്ക് പാൽ നൽകരുതെന്ന് സ്ഥാപനം നിർദ്ദേശിക്കും. പക്ഷേ, ആ വീട്ടിൽ കുട്ടികൾ ഉണ്ടെങ്കിൽ, പാൽ നിർത്തില്ല കാപ്രിയോയുടെ അച്ഛൻ. തന്റെ വരുമാനത്തിൽ നിന്ന് ആ പണം സ്ഥാപനത്തിന് നൽകും. ദാരിദ്ര്യത്തിലും കരുണയോടെ ജീവിച്ച അച്ഛന്റെ ഗുണം കണ്ട് വളർന്ന കാപ്രിയോ, അദ്ദേഹത്തെപ്പോലെ തന്നെ കരുണാദ്രമായ ഹൃദയത്തോടെയായിരുന്നു ജീവിച്ചതും.

'ഞാൻ ലോകം മാറ്റാൻ ചിന്തിക്കുന്നില്ല. പക്ഷേ, സാധാരണ മനുഷ്യരെയും കരുണയോടെയും സത്യസന്ധതയോടെയും കോടതി സമീപിക്കും' എന്ന ബോധ്യം എന്റെ പക്കൽ എത്തിയ എല്ലാവർക്കും നൽകാൻ ഞാൻ ആഗ്രഹിച്ചു' എന്ന് പറഞ്ഞ ആദരണീയനായ മനുഷ്യനാണ് കാപ്രിയോ.



# മഹത്വത്തിന്റെ അടയാളങ്ങൾ ഇവയാണ്

ഒരു പ്രായമേറിയ വ്യക്തിയെ ആശുപത്രിയിലെ എമർജൻസി വാർഡിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നു. മൂന്നാഴ്ചയായി ചികിത്സയിലാണെങ്കിലും, അദ്ദേഹത്തെ കാണാൻ കുടുംബാംഗങ്ങൾ ആരും എത്തിയില്ല. ഓർമ്മയറ്റ നിലയിലായ അദ്ദേഹത്തെ സമീപവാസികളാണ് ആശുപത്രിയിൽ എത്തിച്ചതത്രെ.

ആരും അദ്ദേഹത്തെ കാണാൻ വന്നില്ലെങ്കിലും ഒരു പ്രാവ് മാത്രം ദിവസവും വന്ന് ആ വൃദ്ധൻ കിടക്കുന്ന കിടക്കയ്ക്ക് അരികിലുള്ള ജനാലയുടെ വെളിയിൽ ഇരുന്ന് അദ്ദേഹത്തെ വിഷണ്ണതയോടെ നോക്കും,ഒച്ചവയ്ക്കും.തുടർച്ചയായിമൂന്നുദിവസം ഇത് ശ്രദ്ധിച്ച നഴ്സ്, എസി മുറിയാണെങ്കിലും സാരമില്ലെന്ന് കരുതി ജനൽ അൽപം തുറന്നു വച്ചു. അതിനു വേണ്ടി കാത്തിരുന്നതു പോലെ ഉടനേ ആ പ്രാവ് പറന്ന് ഉള്ളിലെത്തി ആ വൃദ്ധന്റെ മേൽ വന്നിരുന്നു. ശബ്ദം ഉണ്ടാക്കിക്കൊണ്ടേ അദ്ദേഹം കണ്ണ് തുറക്കുന്നുണ്ടോ എന്ന് ശ്രദ്ധിച്ചു. ഏറെ നേരം ശബ്ദമുണ്ടാക്കിയിട്ടും അദ്ദേഹം കണ്ണ് തുറന്നില്ല. അൽപ നേരം ഇരുന്ന ശേഷം പ്രാവ് പറന്നു പോയി.

അതിനു ശേഷം തുടർന്ന് ഓരോ ദിവസവും ആ പ്രാവ് വന്ന് ജനലരികിൽ ഇരിക്കുന്നതും നഴ്സുമാർ ജനൽ തുറന്നു കൊടുക്കുന്നതും പ്രാവ് ഉള്ളിൽ വന്ന് വൃദ്ധന്റെ മേൽ ഇരുന്ന് ശബ്ദിച്ച്

നോക്കുന്നതും പതിവായി. ഒരാഴ്ച കഴിഞ്ഞ്, പ്രാവ് ഇങ്ങനെ ശബ്ദം ഉണ്ടാക്കിയപ്പോൾ ആ വൃദ്ധൻ കണ്ണ് തുറന്ന് നോക്കി. അത് സന്തോഷത്തിൽ മുറി മുഴുവൻ ചിറകടിച്ച് പറന്ന് ശബ്ദമുണ്ടാക്കിയപ്പോൾ, അദ്ദേഹത്തിന്റെ ചുണ്ടുകളിൽ ഒരു ചെറു മന്ദഹാസം. വീണ്ടും അദ്ദേഹം അബോധാവസ്ഥയിലായി.

മരുന്നുകൾ കൊണ്ട് അദ്ദേഹത്തിന്റെ ഓർമ്മ തിരിച്ചു പിടിക്കാൻ കഴിയാത്ത അവസ്ഥയിൽ, പ്രാവിന്റെ ശബ്ദം കേട്ട് അദ്ദേഹം കണ്ണ് തുറന്നതിൽ ഡോക്ടർമാർ ആശ്ചര്യപ്പെട്ടു. ആ വൃദ്ധന്റെ വിലാസത്തിലേക്ക് ഒരാളെ അയച്ച് കാര്യങ്ങൾ അന്വേഷിച്ചു. അപ്പോഴാണ് സത്യം മനസ്സിലായത്. കുടുംബാംഗങ്ങൾ ആരുമില്ലാതെ ഒറ്റയ്ക്ക് ജീവിച്ചിരുന്ന ആ വൃദ്ധൻ, ദിവസവും രാവിലെയും വൈകുന്നേരവും ആ ഭാഗത്തുള്ള പ്രാവുകൾക്ക് തീറ്റയും വെള്ളവും നൽകുന്നത് പതിവായിരുന്നു. ആ കൂട്ടത്തിലെ ഒരു പ്രാവാണ് അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുവന്ന ദിവസം മുതൽ പിന്തുടർന്നു വരുന്നത്. ഓരോ ദിവസവും അദ്ദേഹത്തെ തേടി ആശുപത്രിയിൽ വന്നു പോകും.

ഇത് സൗദി അറേബ്യയിൽ നടന്ന സംഭവം. മനുഷ്യർക്കും അപ്പുറം ജന്തുക്കളെപ്പോലും ഒരാൾക്ക് തന്റെ നല്ല ഗുണങ്ങൾ കൊണ്ട് ആകർഷിക്കാൻ കഴിയും. പക്ഷേ, നല്ലവരെപ്പോലെ അഭിനയിക്കുന്നവർക്ക് അത് സാധ്യമല്ല. അഭിനയം കൊണ്ട് മനുഷ്യരെപ്പോലും പറ്റിക്കാം. പക്ഷേ, ജന്തുക്കൾ ആ അഭിനയം കണ്ടുപിടിക്കും.

**അത്തരത്തിൽ മഹത്വമുള്ള മനുഷ്യരെ എങ്ങനെ തിരിച്ചറിയാം?**

• മഹത്വമുള്ളവർ തങ്ങളെയും മറ്റുള്ളവരെയും മാനിക്കും. നിങ്ങളുടെ ആകാരം, നിങ്ങളുടെ ശീലങ്ങൾ, നിങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ, ചെയ്യുന്ന പ്രവർത്തികൾ, ഏറ്റെടുത്ത ജോലി എന്നിവ വച്ച് നിങ്ങളെ വിമർശിക്കുകയോ ഇകഴ്ത്തുകയോ ചെയ്യില്ല.

• നിങ്ങളെ വിശ്വസിക്കുന്ന, നിങ്ങളുടെ ബന്ധത്തെ മതിക്കുന്ന അവർ, എപ്പോഴും നിങ്ങളോട് സത്യസന്ധതയോടെ പ്രവർത്തിക്കും. സുപ്രധാന കാര്യങ്ങളിൽ നിങ്ങളോട് കള്ളം പറയില്ല. നിങ്ങളോട് മാത്രമല്ല, ആരോടും കള്ളം പറയില്ല. സ്കൂൾകാല സുഹൃത്തുക്കളുമായി ഇപ്പോഴും അവർ ബന്ധം തുടരുന്നുവരായിരിക്കും. കാരണം, വിശ്വസ്തമായ ബന്ധങ്ങളാണ് ശാശ്വതമായിരിക്കുന്നത്.

• ആഡംബരങ്ങളിലോ വിലക്കൂടിയ സമ്മാനങ്ങളിലോ മയങ്ങില്ല. ധനികനായാലും ദരിദ്രനായാലും വ്യത്യാസം കാണിക്കാതെ സ്വാഭാവികമായി ഇടപഴകും. സ്നേഹം മാത്രമായിരിക്കും അവർ പ്രതീക്ഷിക്കുന്നത്.

• അവർക്ക് ആത്മാഭിമാനം ഉണ്ടായിരിക്കും. തങ്ങളുടെ പക്കൽ ഇല്ലാത്ത ഒരു കഴിവ് അല്ലെങ്കിൽ യോഗ്യത ഉള്ളതു പോലെ കാണിച്ച് പറ്റിക്കില്ല. സോഷ്യൽ സ്റ്റാറ്റസിനു വേണ്ടി വ്യാജ ആഡംബരങ്ങൾ വെളിപ്പെടുത്തില്ല.

• എപ്പോഴും നെഗറ്റീവ് ആയി സംസാരിക്കുന്ന മനുഷ്യരെ അവർ അടുപ്പിക്കില്ല. ഒന്നിനും അവർ ഭയപ്പെടില്ല. തങ്ങൾ മനസ്സിൽ ചിന്തിക്കുന്നത് അവർ മറയ്ക്കാതെ പറയും.

• അവർ വിജയികളായ മനുഷ്യരായിരിക്കും. സ്വതന്ത്ര ചിന്തകൾ ഉള്ളവരായിരിക്കും. 'ഒരു പ്രത്യേക സംഘത്തിലായിരിക്കും ഇവർ ഉണ്ടായിരിക്കുക' എന്നതു പോലുള്ള അടയാളങ്ങൾ തങ്ങളുടെ മേൽ പതിക്കാതെ ശ്രദ്ധിക്കും.

• കുടുംബത്തിനും ബന്ധുക്കൾക്കും അവർ പ്രാധാന്യം നൽകും. തങ്ങളുടെ കുടുംബത്തിന് മതിപ്പ് നൽകുന്നതു പോലെ തന്നെ, ഒരാളോട് ക്ഷേമാന്വേഷണം നടത്തുമ്പോൾ അവരുടെ കുടുംബത്തിന്റെ ക്ഷേമവും സ്നേഹത്തോടെ തിരക്കും.

• സന്തോഷവും സൗകര്യങ്ങളും ഉള്ളപ്പോൾ ചില സുഹൃത്തുക്കൾ കൂടെ ഉണ്ടായിരിക്കും. പ്രശ്നങ്ങൾ വരുമ്പോൾ അപ്രത്യക്ഷരാകും. പക്ഷേ, മഹനീയരായ മനുഷ്യർ അങ്ങനെയല്ല. പ്രതിസന്ധിഘട്ടങ്ങളിൽ, ഒപ്പത്തിനൊപ്പം നിൽക്കും. തങ്ങളെ മറന്ന് അവർ ഓടിയെത്തും.

• അവർക്ക് അസൂയ എന്ന വികാരം ഉണ്ടായിരിക്കില്ല. സുഹൃത്തുക്കളുടെ സാധനകളെ മനസ്സറിഞ്ഞ് അഭിനന്ദിക്കും. തിരിഞ്ഞു നിന്ന് ആരെയും കുറ്റം പറയില്ല. ചെറിയ ചെറിയ പ്രശ്നങ്ങളെ വലുതാക്കി വഴക്കിടില്ല. മറ്റുള്ളവർ പറയുന്നത് വച്ച് നിങ്ങളെ തെറ്റായി വിലയിരുത്തില്ല. ●



## മതിപ്പ് അറിയില്ല

ഒരാൾ തന്റെ വിലക്കൂടിയ കാർ വീടിനു മുമ്പിൽ റോഡിൽ നിർത്തിയിരുന്നു. ആ വഴി വന്ന ഒരു തെരുവു നായ അതിന്റെ ചക്രത്തിൽ മൂത്രമൊഴിച്ചു. കാർ ഉടമസ്ഥൻ അത് കണ്ട് ചിരിച്ചു. അദ്ദേഹത്തിന്റെ സുഹൃത്ത് ടെൻഷനായി, 'എന്താ, ഇത് കണ്ട് ചിരിക്കുകയാണോ?' എന്ന് ചോദിച്ചു.

കാർ ഉടമ ശാന്തമായി മറുപടി പറഞ്ഞു. 'തെരുവു നായക്ക് ഈ കാറിന്റെ മതിപ്പ് അറിയില്ല, പറഞ്ഞാലും മനസ്സിലാകില്ല. ഇങ്ങനെയാണ് ജീവിതത്തിലും നിങ്ങളുടെ മതിപ്പ് അറിയാത്തവർ നിങ്ങളെ അപമാനപ്പെടുത്തും, കളിയാക്കും. അത്തരക്കാരെ മന്ദഹാസത്തോടെ കടന്നു പോകണം. മുഖവിലയ്ക്കെടുക്കരുത്.'

## ഞെട്ടിച്ച പാഠം

ഒരു സ്ഥാപനം വൻ നഷ്ടത്തിലായിരുന്നപ്പോൾ, അത് പരിഹരിക്കാൻ ആരും ശ്രദ്ധിച്ചില്ല. ആശങ്കപ്പെട്ട മുതലാളി, ഉപദേശകരിൽ ഒരാളുടെ സഹായം അഭ്യർത്ഥിച്ചു. ആ ഉപദേശകൻ എത്തി, സ്ഥാപനത്തിലെ തൊഴിലാളികളെയും ഉദ്യോഗസ്ഥരെയും വിളിച്ചു കൂട്ടി ഓഹരി വിപണിയിൽ നിക്ഷേപം നടത്തുന്നതിനെക്കുറിച്ച് ക്ലാസ് എടുത്തു. ഒരു സ്ഥാപനത്തിന്റെ കണക്കുകൾ നോക്കി ഓഹരികൾ വാങ്ങണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിൽ എല്ലാവരും വിജയിച്ചു.

ഉപദേശകൻ അവർക്ക് ഒരു സ്ഥാപനത്തിന്റെ കണക്കുകൾ കാണിച്ചു. 'നഷ്ടത്തിലായ ഈ സ്ഥാപനം പൂട്ടേണ്ട അവസ്ഥയിലാണ്. ഇതിന്റെ ഓഹരികൾ വാങ്ങരുത്' എന്ന എല്ലാവരും പറഞ്ഞു. 'നിർഭാഗ്യവശാൽ ഇത് നിങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ കണക്കാണ്. ഇത് പൂട്ടിയാൽ നിങ്ങളുടെ ഭാവി ഇരുളും. സ്ഥാപനം പൂട്ടാതിരിക്കാൻ എന്താണ് വഴി എന്ന് നോക്കാമോ?' എന്ന് ചോദിച്ചു ഉപദേശകൻ. പിന്നീടങ്ങോട്ട് എല്ലാം മാറി.





## ഉള്ളിലുണ്ട്

സോക്രട്ടീസിന്റെ പക്കൽ ഒരു ജ്യോത്സ്യൻ എത്തി. 'ഒരാളുടെ ആകാരം കൊണ്ട് അയാൾ എത്തരത്തിലുള്ളയാൾ എന്ന് എനിക്ക് പറയാൻ കഴിയും' എന്ന് പറഞ്ഞു. 'നിങ്ങളുടെ മൂക്ക് കണ്ടാൽ ദേഷ്യക്കാരനെപ്പോലെയുണ്ട്. തല കണ്ടാൽ അത്യാഗ്രഹിയെപ്പോലെയുണ്ട്. താടി കണ്ടാൽ ദുഃഖം മനസ്സിലാകും. വായിന്റെ രൂപം കണ്ടാൽ അസൂയക്കാരൻ ആണെന്ന് കരുതാം' എന്ന് സോക്രട്ടീസിനെ അദ്ദേഹം വിലയിരുത്തിയപ്പോൾ, ശിഷ്യർ ദേഷ്യം കൊണ്ട് വിറച്ചു. എന്നാൽ ജ്യോത്സ്യന് ദക്ഷിണ നൽകി അയച്ചു സോക്രട്ടീസ്. ഒന്നും മനസ്സിലാകാതെ നോക്കിയ ശിഷ്യരോട്, 'അദ്ദേഹം പറഞ്ഞത് എല്ലാം ഒരളവിൽ ശരിയാണ്. പക്ഷേ, ഈ എല്ലാം നിയന്ത്രിക്കാനുള്ള മനസ്സ് എനിക്ക് ഉണ്ട് എന്ന് അദ്ദേഹം പറഞ്ഞില്ല.' ആ മനസ്സ് ആണ് അദ്ദേഹത്തെ ആദരണീയനാക്കുന്നത്.

## പുണ്യക്കണക്ക്




റെയിൽവേ സ്റ്റേഷനിൽ നിന്ന് പുറത്തു വന്ന സുന്ദർ, ഓട്ടോ പിടിച്ചു. പോകേണ്ട സ്ഥലം പറഞ്ഞു. 'പോയി ഉടനേ മടങ്ങി അടുത്ത ട്രെയിനിൽ നാട്ടിലേക്ക് പോകണം' എന്ന് പറഞ്ഞു. ഓട്ടോക്കാരൻ 500 രൂപ ചോദിച്ചപ്പോൾ, ഇദ്ദേഹം 300 തരാം എന്ന് പറഞ്ഞു. അൽപം ആലോചിച്ച ഓട്ടോ ഡ്രൈവർ, 'ശരി 400 രൂപ നൽകൂ' എന്ന് വിലപേശൽ അവസാനിപ്പിച്ച് ഓട്ടോ എടുത്തു.

വഴിയിൽ സുന്ദറിന് വിശന്നു. റോഡരികിലെ കടയിൽ ഓട്ടോ നിർത്താൻ പറഞ്ഞു. ഓട്ടോ ഡ്രൈവറെയും കഴിക്കാൻ വിളിച്ചു. ഒരു വിധവ നടത്തുന്ന ചായക്കടയായിരുന്നു അത്. രണ്ടു പേരും ഇഡ്ഡലിയും ദോശയും കഴിച്ചു. വൃത്തിയും രുചിയുമുള്ള ഭക്ഷണം. 'എത്രയായി?' എന്നു ചോദിച്ചു സുന്ദർ. 70 രൂപ എന്ന് പറഞ്ഞതും, സുന്ദർ 200 രൂപ നോട്ട് നീട്ടി. 'ഇന്ന് കച്ചവടം വളരെ മോശമാണ്, സർ, ചില്ലറ ഇല്ല' എന്ന് ആ സ്ത്രീ പറഞ്ഞപ്പോൾ, 'നാളെ ഈ വഴി വരും. അപ്പോൾ വാങ്ങാം' എന്ന് പറഞ്ഞു സുന്ദർ.

'സർ, ഇന്നു തന്നെ നാട്ടിലേക്ക് പോകുമെന്നാണല്ലോ എന്നോട് പറഞ്ഞത്. ആ സ്ത്രീയോട് നാളെ ബാക്കി വാങ്ങാം എന്നല്ലേ പറഞ്ഞത്?' എന്ന് ഓട്ടോ ഡ്രൈവർ ചോദിച്ചു. 'അനുജാ, ഇവിടെ നമ്മൾ കഴിച്ചത്ഹോട്ടലിൽകഴിച്ചാൽ 200 രൂപ ആയിരിക്കും. അങ്ങനെ ചിന്തിച്ച് നൽകിയതാണ്. ഇന്ന് കച്ചവടം നന്നായി നടക്കാതെ ഇവർ ബുദ്ധിമുട്ടുകയല്ലേ? ആ സ്ത്രീക്ക് നമ്മളാൽ കഴിഞ്ഞ സഹായം' എന്ന് പറഞ്ഞു സുന്ദർ.

യാത്ര അവസാനിപ്പിച്ച് സുന്ദർ 400 രൂപ നൽകിയപ്പോൾ, ഓട്ടോക്കാരൻ 100 രൂപ തിരിച്ചു നൽകി. '300 രൂപ മതി സർ. ഈ 100 രൂപ താങ്കളുടെ പക്കൽ ഇരുന്നാൽ, ആ ഇഡ്ഡലി വിൽക്കുന്ന സ്ത്രീയെപ്പോലെ ആർക്കെങ്കിലും സഹായം ചെയ്യും. താങ്കളുടെ പുണ്യക്കണക്കിൽ എന്റെ പങ്കും ഇരിക്കട്ടെ സർ' എന്ന് തൊഴുതു. ജന്മം കൊണ്ട് ആദരണീയരായവർ.

## നാളെ എന്നൊന്നില്ല



ഒരു യുവാവ് ജോലിക്ക് ചേർന്ന ആദ്യം ദിവസം തന്നെ ജോലി പൂർത്തിയാക്കാൻ ഏറെ വൈകി. അവനെ തന്റെ കാറിൽ കൂട്ടിക്കൊണ്ടു പോയി മാനേജർ. അദ്ദേഹത്തിന്റെ വീടും കഴിഞ്ഞ് അഞ്ച് കിലോമീറ്റർ അപ്പുറമാണ് അവന്റെ വീട്. 'ഞാൻ കാരണം താങ്കൾക്ക് ബുദ്ധിമുട്ടായി. ഞാൻ വൈകാതെ വീട്ടിലെത്തും. താങ്കൾ തിരികെ എത്തി ഉറങ്ങാൻ വൈകും' എന്നു പറഞ്ഞു യുവാവ്. 'ഞാൻ ചെന്ന ഉടനേ ഉറങ്ങില്ല. എനിക്ക് പഠിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്' എന്ന് പറഞ്ഞു മാനേജർ. 'താങ്കൾ എന്താണ് പറയുന്നത്?' എന്ന് അവൻ അത്ഭുതപ്പെട്ടു.

'അതെ, ഇന്ന് ചെയ്ത ജോലിയിൽ അൽപം ആശയക്കുഴപ്പം ഉണ്ടായി. അതിൽ വ്യക്തത വരുത്താൻ ഞാൻ പഠിക്കേണ്ടതുണ്ട്. അപ്പോഴേ ഉറങ്ങാൻ കഴിയൂ. നിരവധി പേർ എല്ലാം നാളേക്ക് മാറ്റി വയ്ക്കും. ഇന്നത്തെ നാൾ അവർ ജീവിക്കുന്നതേ ഇല്ല. എത്ര തളർച്ച ഉണ്ടെങ്കിലും ഞാൻ ഒന്നും നാളേയ്ക്ക് മാറ്റിവയ്ക്കില്ല. ഞാൻ ഇന്നത്തെ നാളിൽ ജീവിക്കുന്നവനാണ്' എന്ന് പറഞ്ഞു മാനേജർ.

ആ യുവാവ് ഒരു പുതിയ പാഠം അന്ന് പഠിച്ചു. ●



# മേന്മയുള്ളവരും മഹത്വമുള്ളവരും

**മേന്മയുള്ള മനുഷ്യരിൽ കുലീനമായ ഗുണം ഉണ്ടായിരിക്കും. അതിനുമപ്പുറം വേറെന്തൊക്കെ സ്വഭാവസവിശേഷതകൾക്ക് ഉടമയായിരിക്കും എന്നത് എന്നത് അനുഭവത്തിലൂടെ മനസ്സിലാക്കാം, വരൂ:**

• എല്ലാവരുടെ അഭിപ്രായങ്ങളെയും അവർ തുറന്ന മനസ്സോടെ സമീപിക്കും. 'ഇവർ ഇക്കാരണം കൊണ്ടാണ് ഇങ്ങനെ പറയുന്നത്' എന്ന് ഒന്നിനെയും മുൻധാരണയോടെ സമീപിക്കില്ല..

• ജീവിതത്തിൽ എല്ലാ കാര്യങ്ങളെയും പോസിറ്റീവ് കണ്ണിലൂടെ കാണും. എന്ത് നടന്നാലും അതിലുള്ള നല്ല അംശങ്ങളായിരിക്കും അവർ ശ്രദ്ധിക്കുക. കഠിനമായ സന്ദർഭങ്ങളിലും ആ പ്രശ്നത്തിന്റെ വേദന തന്റെ മനസ്സിൽ താങ്ങിക്കൊണ്ട്, അടുത്തവർക്ക് ഒരു പ്രശ്നവും വരാതെ തടുക്കാൻ എന്താണ് വഴി എന്ന് ചിന്തിക്കും.

• പ്രശസ്തിയും ബഹുമാനവും എപ്പോഴും തങ്ങൾക്കു മേൽ ഉണ്ടായിരിക്കണം എന്ന് ആഗ്രഹിക്കില്ല. മറ്റുള്ളവർക്കും ബഹുമാനം നേടാനുള്ള അവസരം നൽകി മാറി നിൽക്കും.

• തങ്ങൾ സംസാരിക്കുന്നതിനേക്കാൾ, മറ്റുള്ളവർ സംസാരിക്കുന്നത് കേൾക്കാൻ പ്രാധാന്യം നൽകും. മറ്റുള്ളവരുടെ ചിന്തകളും അവർ പറയുന്ന അഭിപ്രായങ്ങളും മതിക്കും.

• തന്നെ എല്ലാവരും ഇഷ്ടപ്പെടാൻ വേണ്ടി ചിലർ ഓരോ സ്ഥലത്തും സന്ദർഭത്തിന് അനുസൃതമായി അഭിനയിക്കും, തങ്ങളുടെ സ്വാഭാവികത മാറ്റും. മേന്മയുള്ള മനുഷ്യർ അങ്ങനെ അല്ല. അഭിപ്രായവ്യത്യാസങ്ങളെയും മറ്റുള്ളവരുടെ പ്രവർത്തികളിലുള്ള തങ്ങളുടെ എതിർപ്പുകളെയും സൗമ്യമായ വാക്കുകളിൽ അറിയിക്കും.

• ഉപാധികളില്ലാത്ത സ്നേഹം പകരും. അവർക്ക് അളവിലും അധികം ക്ഷമയും അതിരറ്റ കരുണയും ഉണ്ടായിരിക്കും. എല്ലാ മനുഷ്യരോടും പ്രിയത്തോടെ ഇടപഴകും.

• അവർ പറയുന്ന വാക്കുകൾക്കും ചെയ്യുന്ന പ്രവർത്തികൾക്കും വ്യത്യാസം ഉണ്ടായിരിക്കില്ല. മറ്റുള്ളവർക്ക് ഉപദേശമായി എന്ത് പറയുന്നുവോ, അതേ പോലെ അവരും സത്യസന്ധമായി ജീവിക്കും.

• പറഞ്ഞ വാക്ക് പാലിക്കും. ആർക്കെങ്കിലും വാക്കു നൽകിയ ശേഷം പിൻവാങ്ങില്ല. ആരുടെയും പിന്നിൽ നിന്ന് കുത്തില്ല.

• ഒരു പ്രശ്നം വരുമ്പോൾ, 'നിങ്ങളുടെ പ്രവൃത്തി കൊണ്ടാണ് എനിക്ക് ഇത് സംഭവിച്ചത്' എന്ന് മറ്റുള്ളവരുടെ മേൽ കുറ്റം ചാർത്തില്ല. 'ഈ പ്രശ്നത്തിന് ഞാൻ ഏത് രീതിയിൽ കാരണം' എന്ന് അന്വേഷിച്ച് അതിന് പരിഹാരം കാണാൻ ശ്രമിക്കും.

• സുഹൃത്തുക്കളുടെയോ ബന്ധുക്കളുടെയോ കൂട്ടത്തിൽ എവിടെയെങ്കിലും പോകുമ്പോൾ, അവർക്ക് വിശക്കുന്നുണ്ടോ മറ്റെന്തെങ്കിലും ആവശ്യമുണ്ടോ അവരെല്ലാം സുരക്ഷിതരാണോ എന്ന് എല്ലാം കണ്ടറിഞ്ഞ് ചെയ്യും.

• തനിക്ക് എന്ത് വേണമെന്ന് നോക്കാതെ, മറ്റുള്ളവരുടെആവശ്യങ്ങൾഎന്തൊക്കെയാണെന്ന് കണ്ടറിയുന്നതായിരിക്കും മേന്മയുള്ള മനുഷ്യരുടെ പ്രഥമ ജോലി.

• തങ്ങളെപ്പറ്റിയുള്ള സത്യസന്ധമായ വിമർശനങ്ങളെയും സുഹൃത്തുക്കളുടെ ആക്ഷേപങ്ങളെയും ബന്ധുക്കളുടെ സ്നേഹപൂർവമുള്ള കളിയാക്കലുകളേയും പുഞ്ചിരിയോടെ എതിരേൽക്കും. •



# സുരക്ഷിതമായി ആഘോഷിക്കൂ ദീപാവലി

✷ കുട്ടികളുടെ വയസ്സിന് അനുസൃതമായ പടക്കങ്ങൾ വാങ്ങണം. മുതിർന്നവർക്കുള്ള പടക്കങ്ങൾ വാങ്ങി നൽകരുത്. കുട്ടികൾ പടക്കം പൊട്ടിക്കുമ്പോൾ മേൽനോട്ടത്തിന് അരികിൽ ഉണ്ടായിരിക്കണം.

✷ ഗുണമേന്മയില്ലാത്ത വ്യാജ പടക്കങ്ങൾ ഒഴിവാക്കണം. അവ കൃത്യമായി പൊട്ടാതെ നിങ്ങളുടെ പണം പൊട്ടിക്കും; അല്ലെങ്കിൽ അപ്രതീക്ഷിതമായി പൊട്ടി അപകടം ഉണ്ടാക്കും.

✷ വലിയ ശബ്ദം ഉണ്ടാക്കുന്ന പടക്കങ്ങൾ ഒഴിവാക്കണം. അവ നിങ്ങളുടെ കാതുകൾക്കും ആപത്ത്, നിങ്ങളുടെ വീട്ടിലും അയൽപക്കത്തും ഉള്ള പ്രായമേറിയവർ, അസുഖബാധിതർ, കുട്ടികൾ എന്നിവരെ ബുദ്ധിമുട്ടിലാക്കും.

✷ ഓരോ ദീപാവലിക്കും പുതിയ തരം പടക്കങ്ങൾ വിപണിയിൽ എത്തും. അവ എങ്ങനെ പൊട്ടിക്കണം എന്ന് കവറിന്മേൽ എഴുതിയിട്ടുണ്ടായിരിക്കും. അത് ശ്രദ്ധയോടെ വായിച്ച് പിന്തുടരണം. അല്ലെങ്കിൽ അപകടമാകും.

✷ അയഞ്ഞ വസ്ത്രങ്ങൾ ധരിച്ച് പടക്കം പൊട്ടിക്കരുത്. നൈലോൺ, പട്ട് വസ്ത്രങ്ങൾ, കാറ്റിൽ പറക്കുന്ന വസ്ത്രങ്ങൾ എന്നിവ വേണ്ട. കോട്ടൺ വസ്ത്രങ്ങളാണ് സുരക്ഷിതം.

✷ വ്യവസായ ശാലകൾ, ചേരിപ്രദേശങ്ങൾ, പെട്രോൾ ബങ്ക്, ആശുപത്രി എന്നിവയ്ക്കരികിൽ പടക്കം പൊട്ടിക്കരുത്. തിരക്കുള്ള മാർക്കറ്റ്, വാഹനങ്ങൾ നിറഞ്ഞൊഴുകുന്ന റോഡുകൾ എന്നിവയിലും ഒഴിവാക്കണം.

✷ പടക്കം അല്ലെങ്കിൽ മത്താപ്പുകൾ കത്തിക്കാൻ നീണ്ട സാമ്പ്രാണി അല്ലെങ്കിൽ നീണ്ട കമ്പിത്തിരികൾ ഉപയോഗിക്കുന്നതാണ് നല്ലത്.

✷ റോക്കറ്റ് ചിലർ ടെറസിൽ വച്ച് കൊളുത്താറുണ്ട്. അത് തെറ്റ്. ബോട്ടിൽ പൊട്ടിച്ചിതറിയാൽ നമുക്ക് അപകടം ഉണ്ടാകാം.

✷ കാലിൽ ചെരുപ്പ് അല്ലെങ്കിൽ ഷൂ ധരിച്ചു കൊണ്ട് പടക്കം പൊട്ടിക്കണം. ആരെങ്കിലും കൊളുത്തി പൊട്ടാതെ പോയ പടക്കം കാൽ വയ്ക്കുമ്പോൾ പൊട്ടാനുള്ള സാധ്യതയുണ്ട്.

✷ ഒരു പടക്കവും കൈയിൽ വച്ച് പൊട്ടിക്കരുത്.

✷ മാലപ്പടക്കം ഒഴികെ മറ്റ് പടക്കങ്ങൾ ഒരു സമയത്ത് ഒന്ന് മാത്രം കൊളുത്തണം. സാഹസികത എന്ന് കരുതി തുടർച്ചയായി പല പടക്കങ്ങൾ കൊളുത്തിയാൽ അപകടമാണ്.

✷ പൂത്തിരി കൊളുത്തുമ്പോൾ സമ നിരപ്പുള്ള നിലത്ത് വച്ച് വശങ്ങളിൽ നിന്ന് കത്തിക്കണം.

✷ പൂത്തിരി കത്തിയില്ലെങ്കിൽ കൈയിലെടുത്ത് നോക്കരുത്. പത്ത് മിനിട്ട് വരെ കാത്തിരുന്ന്, വെള്ളത്തിൽ ആ പടക്കം മുക്കി നിഷ്ക്രിയമാക്കണം.

✷ ചിലർ പടക്കങ്ങളും പൂത്തിരികളും നായകളുടെയും പൂച്ചകളുടെയും മേൽ എറിഞ്ഞ് കളിക്കും. ഇത് തെറ്റ്. എല്ലാ മൃഗങ്ങൾക്കും പടക്കങ്ങൾ ഭയമാണ്. അവയെ ഭയപ്പെടുത്തിയാൽ ഭയന്ന് അവ കടിച്ചേക്കാം.

✷ ആസ്തമ പോലുള്ള ശ്വാസകോശ പ്രശ്നങ്ങൾ ഉള്ളവർ, പടക്കം പൊട്ടിക്കുന്ന സ്ഥലത്ത് വരാതിരിക്കുന്നത് നല്ലത്. ഒഴിവാക്കാൻ പറ്റാത്ത ചുറ്റുപാടിൽ മാസ്ക് ധരിക്കണം.

✷ തീപ്പൊള്ളൽ, മുറിവുകൾ എന്നിവയ്ക്കുള്ള മരുന്നുകൾ അടങ്ങിയ പ്രഥമ ശുശ്രൂഷാ വസ്തുക്കൾ കരുതി വയ്ക്കണം.



# വിജയത്തിലും ലഭിക്കുന്ന മേന്മ

താൻ കണ്ടുപിടിച്ച ഒരു ഉപകരണം, ലോകം മുഴുവനും ലക്ഷക്കണക്കിന് പേർ ഉപയോഗപ്പെടുത്തുമ്പോൾ അത് കണ്ടുപിടിച്ച വ്യക്തി സന്തോഷപ്പെടുന്നതാണ് സ്വാഭാവികം. എന്നാൽ, മിഖായേൽ കലാഷ്നികോവ് തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ അങ്ങേയറ്റം മനസ്താപത്തിലായിരുന്നു. കാരണം, അദ്ദേഹം കണ്ടുപിടിച്ച എ കെ 47 എന്ന് പേര് ചാർത്തിയ തോക്ക്.

രണ്ടാം ലോക മഹാ യുദ്ധത്തിൽ ജർമ്മനിയുടെ നാസിപ്പടയെ തോൽപിച്ച് റഷ്യ വിജയിച്ചു. എന്നിരുന്നാലും റഷ്യൻ സൈന്യത്തിന്റെ പക്കൽ ആവശ്യമായ ആയുധങ്ങൾ ഇല്ലെന്ന് മനസ്സിലാക്കി റഷ്യൻ മുൻ സൈനികൻ കലാഷ്നികോവ്. സാധാരണ തോക്ക് പോലെ ഓരോ തവണയും വെടിയുണ്ട നിറച്ച് വെടിവയ്ക്കേണ്ട അവശ്യം ഇല്ലാത്ത ഒരു യന്ത്രത്തോക്കായി എ കെ 47-ന് അദ്ദേഹം രൂപം നൽകി. 1947-ൽ കണ്ടുപിടിക്കപ്പെട്ട്, ഓട്ടോമാറ്റിക് കലാഷ്നികോവ് എന്ന് പേരിട്ടതിനാൽ, ഇതിനെ ചുരുക്കത്തിൽ എകെ 47 എന്ന് വിളിച്ചു.

ഭാരക്കുറവ് ആയതിനാൽ ഒരു സൈനികന് ഒറ്റയ്ക്ക് ഇത് കൈയിൽ വച്ച് വെടിയുതിർക്കാൻ കഴിയും. അതേ സമയം ഒരു വലിയ മെഷീൻ ഗൺ ഉണ്ടാക്കുന്ന ചേതം ഇത് വരുത്തുകയും ചെയ്യും. ഒരു മിനിട്ടിൽ നൂറു റൗണ്ട് വരെ വെടിയുതിർക്കാൻ കഴിയും എന്നത് ഇതിനെ ഏറ്റവും അപകടകരമായ തോക്കായി മാറ്റി. അതിനാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇതിന് വൻ വരവേൽപ് ലഭിച്ചു.

ആരംഭത്തിൽ റഷ്യൻ സൈന്യത്തിൽ മാത്രം ഉപയോഗപ്പെടുത്തിയിരുന്ന ഇത്, വൈകാതെ ലോകത്തിലെ എല്ലാ രാജ്യങ്ങളുടെയും ഇഷ്ട തോക്കായി മാറി. ചില വർഷങ്ങളിൽ ഇതിന്റെ പരിഷ്കരിച്ച രൂപാന്തരങ്ങൾ പുറത്തിറക്കി. അവ കൂടുതൽ അപകടകരമായ തോക്കുകളായി മാറി. 2004-ലെ ഒരു കണക്ക് പ്രകാരം, ലോകമെമ്പാടും സൈന്യത്തിന്റെ പക്കൽ 50 കോടി തോക്കുകൾ ഉണ്ടായിരുന്നെങ്കിൽ, അതിൽ 10 കോടി ഈ എകെ തോക്ക് വകകളാണ്. ഇത് ഗിന്നസ് റെക്കോർഡിൽ ഇടം നേടിയിട്ടുണ്ട്.

കഴിഞ്ഞ 75 വർഷങ്ങളായി പല യുദ്ധ മുന്നണികളിലും ഇത് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും ഇതിന്റെ ബുള്ളറ്റുകൾ, ഏകദേശം രണ്ടരലക്ഷം പേരെ കൊന്നൊടുക്കുന്നു എന്ന് കണക്കുകൾ വെളിപ്പെടുത്തുന്നു.

പല രാജ്യങ്ങളിലും സൈന്യം മാത്രമല്ല, ഭീകരവാദ സംഘങ്ങളും ഈ തോക്ക്



ഉപയോഗപ്പെടുത്തുന്നുണ്ട്. കരിഞ്ചന്തയിൽ സർവസാധാരണമായി വിൽക്കപ്പെടുന്ന തോക്ക് എന്ന പേര് ഇതിനുണ്ട്. തന്റെ നാടിന് സുരക്ഷയൊരുക്കുക എന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയ തോക്ക് ഭീകരവാദികൾ പോലും ഉപയോഗപ്പെടുത്തുന്ന ആയുധമായി മാറിയല്ലോ എന്ന് കലാഷ്നികോവ് വേദനിച്ചു.

എന്നാൽ, 2013 ഡിസംബറിൽ മരണമടഞ്ഞ അദ്ദേഹം, തന്റെ അവസാനകാലത്ത് വലിയ മനസ്താപത്തിലായിരുന്നു. 94 വയസ്സു വരെ ജീവിച്ച അദ്ദേഹം, തന്റെ കണ്ടുപിടുത്തത്തിൽ മനസ്സുടഞ്ഞ്, സമൂഹത്തിനോട് ക്ഷമാപണം നടത്തിയിരുന്നു.

ഒരു ബിസിനസോ അല്ലെങ്കിൽ ജോലിയോ നമുക്ക് വരുമാനം നൽകുന്നതിനോടൊപ്പം മേന്മയും നൽകണം. അങ്ങനെ ഉന്നതിയിലേക്ക് കുതിക്കുമ്പോൾ എങ്ങനെയാണ് പെരുമാറേണ്ടത് എന്ന് വിദഗ്ധർ പറയുന്ന പാഠങ്ങൾ ഇതോ:

- ഒരു ബിസിനസ് എന്നത്, ജനങ്ങളുടെ ഏതെങ്കിലും ഒരു ആവശ്യം നിറവേറ്റുന്നതോ, അല്ലെങ്കിൽ ഒരു പ്രശ്നത്തിന് പരിഹാരം കാണുന്നതോ ആയിരിക്കും. ഒരു ബിസിനസ് ചെയ്യുന്ന വ്യക്തി തന്റെ കാഴ്ചപ്പാടിലൂടെ മാത്രം എല്ലാം കാണാതെ, മറ്റുള്ളവരുടെ കാഴ്ചപ്പാടും പരിഗണിക്കണം.



- ഭാവിഎങ്ങനെപരിണമിക്കുംഎന്നത്കണക്കുകൂട്ടി മനസ്സിലാക്കണം. പുതിയ അനുഭവങ്ങൾക്ക് എപ്പോഴും തയാറായിരിക്കണം. ജീവിതത്തിലും ബിസിനസിലും അത് പൂർണത നൽകും.

- വിജയിക്കാനുള്ള ദാഹവും അതിലേക്ക് എത്താനുള്ള ലക്ഷ്യവും ഉണ്ടായിരിക്കണം. മറ്റുള്ളവർക്ക് ഒന്നും തെളിയിച്ചു കാണിക്കേണ്ട അവശ്യമില്ല. നിങ്ങളുടെ കഴിവ് നിങ്ങൾക്ക് തെളിയിച്ചു കാണിച്ചാൽ മതി.

- 'ഇത്രയും സമയത്തിലധികം ജോലി ചെയ്താൽ, ജോലി നന്നായി ചെയ്യാൻ കഴിയില്ല' എന്ന് ഒരു കണക്ക് പറയാറുണ്ട്. ആ കഴിവ് ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കും. വിജയികളായ നിർവാഹകർ കഠിനമായും സ്മാർട്ട് ആയും ജോലി ചെയ്യും. നമ്മേക്കാൾ കൂടുതൽ കഴിവുള്ള മനുഷ്യരോട് മത്സരിക്കുമ്പോൾ, നമ്മുടെ കഠിനാധ്വാനം കൊണ്ട് അതിന്റെ വിടവ് നികത്താൻ കഴിയും.

- പണം കുമിയാൻ തുടങ്ങുമ്പോൾ, വീടിനു മുന്നിൽ നാലഞ്ച് കാറുകൾ, വിദേശ യാത്ര, ആഡംബര ജീവിതം എന്ന് മാറുന്നത് സമ്പന്നരുടെ ജീവിതമല്ല. പണം സമ്മാനം അല്ല, അത് ഒരു തരത്തിലുള്ള ഉത്തരവാദിത്തബോധമാണ്. അത് വച്ച് ബിസിനസ് വലുതാക്കി, കൂടുതൽ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ നൽകുകയും കൂടുതൽ പേർക്ക് ജോലി നൽകുകയും സമൂഹത്തിന് പങ്ക് നൽകുകയും ചെയ്തു കൊണ്ട് പ്രവർത്തിക്കണം. പണത്തിന് അപ്പോഴേ അതിന്റെ മതിപ്പ് ലഭിക്കുകയുള്ളൂ.

- പണത്തിനോടൊപ്പം വിനയവും ഉണ്ടാകണം. വിജയം വരും പോകും. പക്ഷേ മറ്റുള്ളവരെ ബഹുമാനിക്കുന്നതും അവരോട് ആദരവ് കാട്ടുന്നതും ഒഴിവാക്കരുത്. ആത്മാഭിമാനം മാനിക്കണം. ആരെയും ഇകഴ്ത്തരുത്.

- നമ്മുടെ വിജയങ്ങളെ സാധനകളായി ചിന്തിക്കാം. അതേ സമയം, മറ്റുള്ളവരുടെ വിജയത്തിലും സന്തോഷിക്കണം. മറ്റുള്ളവർക്ക് സഹായം ചെയ്ത്, പരസ്പരം ജയിക്കുമ്പോൾ ലഭിക്കുന്ന മനസ്സിന്റെ നിറവ് വലുതാണ്. ●



# മേന്മ നൽകുന്ന മധുരതരമായ മാറ്റങ്ങൾ

വീട്ടിൽ, ബന്ധുക്കളുടെ മധ്യത്തിൽ, സുഹൃത്തുക്കളുടെ കൂട്ടത്തിൽ, ഓഫീസിൽ, ജോലി ചെയ്യുന്ന സ്ഥലത്ത്, ബിസിനസ് ചെയ്യുന്ന മേഖലയിൽ എന്നിങ്ങനെ എല്ലാ ഇടങ്ങളിലും പലരും തങ്ങളെ മേന്മയുള്ള മനുഷ്യരായി കാണിക്കാനാണ് ആഗ്രഹിക്കുന്നത്. അതിന് അനുസൃതമായി ജീവിതം മാറ്റുന്നത് എങ്ങനെ?

❖ നിങ്ങൾ ആരെന്ന് ബോധ്യപ്പെടുത്തുന്നത് നിങ്ങളുടെ മുഖം അല്ല, നാവാണ്. സംസാരിക്കുന്ന വാക്കുകളിൽ ശ്രദ്ധ വേണം. വാക്കുകൾ ഒരാളെ ഉയർത്തുകയും അപമാനപ്പെടുത്തുകയും ചെയ്യും. എന്ത് സംസാരിക്കുന്നതിനു മുമ്പും നന്നായി ചിന്തിക്കണം.

❖ മാറ്റം അംഗീകരിക്കണം. അവസത്യസന്ധമായ മാറ്റങ്ങളാണോ എന്ന് മാത്രം നോക്കണം. ദിവസം തോറും മാറിക്കൊണ്ടിരിക്കുന്ന ലോകത്ത്, 'ഞാൻ മാറില്ല' എന്ന് വരട്ടുവാദം കാണിച്ചാൽ അപ്രത്യക്ഷരായിപ്പോകും.

❖ ഭയപ്പാടുണ്ടെങ്കിലും പുതിയ കാര്യങ്ങൾ ശ്രമിക്കാൻ മടിക്കരുത്. അതാണ് നിങ്ങളെ എപ്പോഴും വിദ്യാർത്ഥിയായി നിലനിർത്തുക.

❖ കൃതജ്ഞത ഒരിക്കലും കൈവിടരുത്. ഓരോ സന്ദർഭത്തിലും സഹായങ്ങൾ ചെയ്യുന്നവരെ നന്ദിയോടെ സ്മരിക്കണം. മനസ്സിൽ നിന്ന് നന്ദി പറയുന്നതും നിങ്ങളെ മേന്മയുള്ളവരാക്കും. കൃതജ്ഞത ഉള്ള മനസ്സിൽ അസൂയ ഉണ്ടാകില്ല.

❖ നന്മയുടെയും തിന്മയുടെയും അതിര് അറിഞ്ഞിരിക്കണം. എപ്പോഴും ശരിയായ കാര്യങ്ങൾ ചെയ്യണം.

❖ ഓരോരുത്തർക്കും ചില കഴിവുകളും അപൂർവതകളും സമ്മാനം പോലെ കൈവന്നിരിക്കും. അവ പാഴാക്കരുത്. ആ കഴിവുകൾ വളർത്തണം.

❖ നിങ്ങളുടെ ബലഹീനത എന്താണെന്ന് മനസ്സിലാക്കണം. അതിന് പരിഹാരം കാണുന്നത് നല്ലത്. അതിനായി ആരുടെ സഹായവും ചോദിക്കാൻ മടിക്കരുത്.

❖ സഹായം ചെയ്യുന്നതിൽ ഹീറോ പോലെ പെരുമാറണം.

❖ നമുക്ക് എന്തെങ്കിലും പ്രശ്നമാണെങ്കിലോ നാം എന്തെങ്കിലും സാധനകൾ ചെയ്താലോ അതെല്ലാം മറ്റുള്ളവർ ശ്രദ്ധിക്കണം എന്ന് ചിന്തിക്കാറുണ്ട്. ഇതേ ചിന്ത എല്ലാവർക്കും ഉണ്ട്. മറ്റുള്ളവർ പറയുന്നത് കേൾക്കണം. ദുഃഖത്തിന് സമാധാനവും സാധനയ്ക്ക് അഭിനന്ദനവും പറയണം.

❖ എന്തിലും താൽപര്യം കാണിക്കുന്ന മനുഷ്യനായിരിക്കണം. ഒരാൾ നിങ്ങളോട് സംസാരിക്കുമ്പോൾ, ഫോൺ നോക്കി താൽപര്യമില്ലാതെ അത് കേൾക്കുന്നത് സംസ്കാരമല്ല. മുഖം പ്രസന്നമാക്കി സംസാരിക്കണം, പറയുന്നത് കേൾക്കണം. ടെൻഷനും വെപ്രാളവും കാണിക്കാതെ ക്ഷമയോടെ കേൾക്കണം. സമാധാനമുള്ള മനസ്സിലേ നല്ല തീരുമാനങ്ങൾ പിറക്കൂ.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL




SUKRA® SUPER FINE COTTON VESTS | ROMEX® SUPERIOR BANIANS | RISE-UP® PREMIUM BANIANS | ACOSTE® LUXURY INNERWEARS | Breeze® Eye Let Vests | WinStripe® STRIPED BANIANS | ARCHERY® GYM VEST | COMPACT® PREMIUM COTTON RIB VESTS | LITTLE STARS® KIDS INNERWEARS

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-10-2025.Posted at Tirupur BPC on 5th of every month.

